പന്ത്രണ്ടാം കേരള നിയമസഭ

# പരിസ്ഥിതി സമിതി
## (2006–2009)

## രണ്ടാമത് റിപ്പോർട്ട്
(2007 ജൂലൈ 25–ാം തീയതി സമർപ്പിച്ചത്)

**(പെരിയാർ മലിനീകരണം സംബന്ധിച്ച്)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2007

പന്ത്രണ്ടാം കേരള നിയമസഭ

# പരിസ്ഥിതി സമിതി
## (2006–2009)

**രണ്ടാമത് റിപ്പോർട്ട്**

(2007 ജൂലൈ 25-ാം തീയതി സമർപ്പിച്ചത്)

(പെരിയാർ മലിനീകരണം സംബന്ധിച്ച്)

1034/2007.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| ആമുഖം | .. | ix |
| റിപ്പോർട്ട് | .. | 1 |

## പരിസ്ഥിതി സമിതി (2006-2009)

### സമിതിയുടെ ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. രാജാജി മാത്യു തോമസ്.

<u>അംഗങ്ങൾ</u> :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ
,, ബി. ഡി. ദേവസി
,, എം. ഹംസ
,, റോഷി അഗസ്റ്റിൻ
,, വി. ഡി. സതീശൻ
,, എം. വി. ശ്രേയാംസ് കുമാർ
,, വി. സുരേന്ദ്രൻ പിള്ള
,, എ. എം. യൂസഫ്

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ഡോ. എൻ. കെ. ജയകുമാർ, സെക്രട്ടറി
ശ്രീമതി റ്റി. ജെ. ഏലമ്മ, അഡീഷണൽ സെക്രട്ടറി
ശ്രീ. സി. ആർ. രഘുനാഥൻപിള്ള, ഡെപ്യൂട്ടി സെക്രട്ടറി
,, കെ. പത്മരാജു, അണ്ടർ സെക്രട്ടറി.

## മുഖവുര

പരിസ്ഥിതി സമിതി (2006-09) യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ഈ റിപ്പോർട്ട് 2007 ജൂലൈ മാസം 23-ാം തീയതി കൂടിയ സമിതി യോഗം അംഗീകരിച്ചു.

രാജാജി മാത്യു തോമസ്,

തിരുവനന്തപുരം,
ജൂലൈ 24, 2007.

ചെയർമാൻ,
പരിസ്ഥിതി സമിതി.

## ആമുഖം

കേരളത്തിലെ പ്രമുഖ നദികളിലൊന്നായ പെരിയാർ അഭിമുഖീകരിക്കുന്ന മലിനീകരണ പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച് ദിനപത്രങ്ങളിൽ വാർത്തവരുകയും പെരിയാർ മലിനീകരണം സംബന്ധിച്ച് സമിതിക്ക് പരാതി ലഭിക്കുകയുമുണ്ടായി. ഈ പരാതിയുടെയും പത്രവാർത്തകളുടെയും അടിസ്ഥാനത്തിൽ പെരിയാർ ഇപ്പോൾ നേരിടുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച് സമിതി പഠനം നടത്താൻ തീരുമാനിച്ചു. പ്രസ്തുത പഠനത്തിന്റെ ഭാഗമായി ഏലൂർ-എടയാർ മേഖലയിൽ മലിനീകരണ നിയന്ത്രണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾ, വ്യക്തികൾ തുടങ്ങിയവരിൽ നിന്നും പരാതികളും അഭിപ്രായങ്ങളും സ്വരൂപിക്കുകയും പെരിയാറിന്റെ തീരത്ത് സ്ഥിതി ചെയ്യുന്ന പരാതിക്കാസ്പദമായ ഏതാനും വ്യവസായശാലകളും പരിസര പ്രദേശങ്ങളും സമിതി സന്ദർശിക്കുകയും ചെയ്തു. തുടർന്ന്, ബന്ധപ്പെട്ട വകുപ്പ് മേധാവികളിൽ നിന്നും പെരിയാർ മലിനീകരണം നിയന്ത്രിക്കുന്നതിന് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ സംബന്ധിച്ച് തെളിവെടുപ്പ് നടത്തുകയും ചെയ്തു.

മേല്പ്പറഞ്ഞ തെളിവെടുപ്പിന്റെയും സന്ദർശനത്തിന്റെയും അടിസ്ഥാനത്തിൽ സമിതി തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

# റിപ്പോർട്ട്

1. കേരള സംസ്ഥാനത്തെ പ്രമുഖ നദികളിലൊന്നാണ് പെരിയാർ. 244 കിലോമീറ്റർ നീളവും അയ്യായിരത്തിലേറെ ചതുരശ്ര കിലോമീറ്റർ നീർവാർച്ചയുമുള്ള, പർവ്വത നിരയുടെ പനിനീരെന്ന് വിശേഷിപ്പിക്കപ്പെട്ട, ശിവഗിരി മലയിൽ ഉത്ഭവിച്ച് പ്രധാനമായും മുല്ലയാറ്, പെരുന്തുറയാറ്, കട്ടപ്പനയാറ്, ചെറുതോണിപ്പുഴ, ചിറ്റാർ, പെരിഞ്ഞാൻകുട്ടിയാറ്, മുതിരപ്പുഴ, തൊട്ടിയാറ്, ഇടമലയാറ് എന്നീ പ്രധാന പോഷക നദികളും മറ്റ് നിരവധി കൊച്ചുകൊച്ചു പുഴകളും അരുവികളും ചേർന്ന് ഒഴുകിയെത്തി ആലുവായിലെത്തുന്നതോടെ മംഗലപ്പുഴ, മാർത്താണ്ഡവർമ്മ എന്നീ കൈവഴികളിലായി മാറി അറബിക്കടലിലും വേമ്പനാട്ടുകായലിലും നിപതിക്കുന്ന പെരിയാർ ലക്ഷോപലക്ഷം തീർത്ഥാടകരുടെ പുണ്യനദി കൂടിയാണ്. വൈദ്യുതോല്പാദനം, ജലസേചനം, കൃഷി, കുടിവെള്ളം തുടങ്ങി നാനാവിധത്തിൽ നാടിനും ജനതയ്ക്കും ഉപയോഗപ്രദമായ, പെരിയാറിന്റെ ഭാഗമായ ആലുവാപ്പുഴയുടെ തീരത്താണ് കേരളത്തിലെ ഏറ്റവും വലിയ വ്യവസായ മേഖല സ്ഥിതി ചെയ്യുന്നത്. ആയതിനാൽ, ശാലീനയായി ഒഴുകിവരുന്ന ഈ നദി, ഏലൂർ-എടയാർ വ്യവസായ മേഖലയിൽ എത്തുന്നതോടെ മാലിന്യപ്പുഴയായി മാറുന്ന സ്ഥിതി വിശേഷമാണ് ഇന്നു കാണുവാൻ കഴിയുന്നത്. നാടാകെ തെളിനീര് നല്കേണ്ട പെരിയാർ വിഷലിപ്തമാകുമ്പോൾ അതിനെ ആശ്രയിക്കുന്ന ലക്ഷോപലക്ഷം ജനങ്ങൾക്ക് കുടിവെള്ളക്ഷാമവും ആരോഗ്യ പ്രശ്നങ്ങളുമുൾപ്പെടെയുള്ള ഭയാനകമായ പാരിസ്ഥിതിക-മലിനീകരണ പ്രശ്നങ്ങളേയും അഭിമുഖീകരിക്കേണ്ടിവരുന്നു.

2. വ്യാവസായിക മാലിന്യങ്ങൾ, നഗര മാലിന്യങ്ങൾ, ഹോട്ടലുകളിൽ നിന്നുള്ള ഭക്ഷണാവശിഷ്ടങ്ങൾ, ആശുപത്രികളിൽ നിന്നുമുള്ള മാലിന്യങ്ങൾ, നദിയുടെ സമീപത്തുള്ള വീടുകളിൽ നിന്നും മറ്റ് വാസസ്ഥലങ്ങളിൽ നിന്നും പുറന്തള്ളുന്ന മനുഷ്യവിസർജ്ജ്യമുൾപ്പെടെയുള്ള മാലിന്യങ്ങൾ എന്നിവ ഈ നദിയിലേയ്ക്കാണ് വന്നു പതിക്കുന്നത്. ഏലൂർ-എടയാർ വ്യവസായ മേഖലയിൽ ഇരുനൂറ്റമ്പതോളം ഫാക്ടറികളാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. വ്യവസായ മേഖലയുടെ സമീപപ്രദേശങ്ങളിലും നിരവധി വ്യവസായശാലകൾ പ്രവർത്തിക്കുന്നുണ്ട്. വളം, കീടനാശിനിനിർമ്മാണശാലകൾ, അപകടകരങ്ങളായ രാസപദാർത്ഥങ്ങൾ, എല്ലുപൊടി എന്നിവ നിർമ്മിക്കുന്ന ഫാക്ടറികൾ തുടങ്ങി അണുപ്രസരണ മലിനീകരണമുണ്ടാക്കുന്ന വ്യവസായങ്ങൾ വരെ ഇവിടെ പ്രവർത്തിച്ചു വരുന്നു. വളരെ വർഷങ്ങൾക്കുമുമ്പ് ആരംഭിച്ച പല വ്യവസായ സ്ഥാപനങ്ങളിലും മതിയായ രീതിയിലുള്ള മലിനീകരണ നിയന്ത്രണ സംവിധാനങ്ങളില്ല. അഥവാ മേല്പറഞ്ഞ മലിനീകരണ നിയന്ത്രണ സംവിധാനങ്ങളുള്ള സ്ഥാപനങ്ങളാകട്ടെ, യഥാവിധി അവയൊന്നും പ്രവർത്തിപ്പിക്കാറുമില്ല. അങ്ങനെ, വ്യവസായ ശാലകളിൽ നിന്നുള്ള രാസമാലിന്യങ്ങൾ പെരിയാറിലേക്ക് മനഃപൂർവ്വമായും അല്ലാതെയും ഒഴുകിയെത്തുന്നു.

3. വ്യവസായ ശാലകൾ കഴിഞ്ഞാൽ പെരിയാറിനെ മലിനമാക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നത് നഗര മാലിന്യങ്ങളാണ്. കൊച്ചി നഗരത്തിലും ആലുവാ, കളമശ്ശേരി തുടങ്ങിയ സമീപസ്ഥ നഗര/പഞ്ചായത്ത് പ്രദേശങ്ങളിലും അനുദിനമെന്നവണ്ണം

അംബരചുംബികളായ കെട്ടിടങ്ങളും ഫ്ളാറ്റുകളും ഷോപ്പിംഗ് മാളുകളും ആശുപത്രികളും കൂടിവരികയാണ്. ഈ കെട്ടിടങ്ങളിൽ നിന്നും മാർക്കറ്റുകളിൽ നിന്നും തെരുവിലേയ്ക്കെത്തപ്പെടുന്ന മാലിന്യങ്ങൾ ശരിയായ രീതിയിൽ സംസ്ക്കരിക്കപ്പെടാതെ കൈത്തോടുകളിലൂടെയും നീർച്ചാലുകളിലൂടെയും പെരിയാറിൽ വന്നുചേരുന്നു. ഒരു തത്വദീക്ഷയുമില്ലാതെ കശാപ്പുശാലകൾ, ഇറച്ചിക്കടകൾ, ഹോട്ടലുകൾ, ഫാസ്റ്റ്ഫുഡ് കേന്ദ്രങ്ങൾ എന്നിവയിൽ നിന്നുമുള്ള മാംസാവശിഷ്ടങ്ങൾ, ഭക്ഷണാവശിഷ്ടങ്ങൾ, ഇതര മാലിന്യങ്ങൾ എന്നിവ പുഴയിൽക്കൊണ്ടുതള്ളുന്ന പ്രവണത നഗരങ്ങൾ വികസിക്കുന്നതോടെ ഏറിവരികയുമാണ്. ആശുപത്രികളിൽ നിന്നുള്ള മാലിന്യങ്ങൾ പുഴയിൽ ഒഴുക്കി വിടുന്നതും നിത്യസംഭവമാണ്. നഗര സംസ്ക്കാരത്തിന്റെ ഭാഗമായി ഏറ്റവുമധികം ഉപയോഗിക്കപ്പെടുന്ന വസ്തുവാണ് പ്ലാസ്റ്റിക്. പ്ലാസ്റ്റിക്കിന്റെ ക്രമാതീതമായ ഉപഭോഗവും, പ്ലാസ്റ്റിക് അവശിഷ്ടങ്ങൾ തരംതിരിക്കുന്നതിലും നശിപ്പിക്കുന്നതിലും വരുന്ന ബുദ്ധിമുട്ടും അനതിവിദൂരഭാവിയിൽ വന്നുചേരാനിടയുള്ള ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങളിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്. പ്ലാസ്റ്റിക് ക്യാരിബാഗുകളും ഇതര പ്ലാസ്റ്റിക് സാമഗ്രികളും പെരിയാർ നദിയെ മാലിന്യ പൂരിതമാക്കുന്ന മറ്റൊരു ഭീഷണിയാണ്. പുഴയുടെ സമീപ പ്രദേശങ്ങളിലെ വാസസ്ഥലങ്ങളിൽ ഡ്രെയിനേജ് സംവിധാനമോ സ്വീവറേജ് സംവിധാനമോ ഇല്ലാത്തത് മനുഷ്യ വിസർജ്ജ്യമുൾപ്പെടെയുള്ള ഗാർഹിക മാലിന്യങ്ങൾ നദിയിൽ കലരാൻ ഇടയാക്കുന്നുമുണ്ട്.

4. പെരിയാർ മലിനീകരണം ഇപ്പോൾ ഏറ്റവും അപകടകരമായ സ്ഥിതിയിലെത്തി നില്ക്കുകയാണ്. ഒരു വശത്ത്, ലക്ഷക്കണക്കിന് തൊഴിലാളികൾക്ക് തൊഴിൽ നല്കുന്നതും സംസ്ഥാനത്തിന്റെ ഖജനാവിലേയ്ക്ക് മുതൽകൂട്ടുന്നതുമായ വ്യവസായ ശാലകൾ നിലകൊള്ളുമ്പോൾ മറുവശത്ത് പ്രസ്തുത വ്യവസായശാലകളുടെ പ്രവർത്തനംമൂലം ആസന്ന മൃത്യുവായ പെരിയാർ നദിയെയാണ് നമുക്ക് കാണുവാൻ കഴിയുന്നത്. അതുപോലെതന്നെ, നഗരം, മെട്രോനഗരമായി വികസ്വരമായിക്കൊണ്ടിരിക്കെ വർദ്ധിച്ചുവരുന്ന ജനസംഖ്യയ്ക്കനുസരിച്ച് കുടിവെള്ളവും ശുദ്ധവായുവും മറ്റടിസ്ഥാന സൗകര്യങ്ങളും ലഭിക്കാത്ത സാഹചര്യവുമാണുള്ളത്.

5. പെരിയാർ മലിനീകരണം ശാശ്വതമായി നിയന്ത്രണവിധേയമാക്കാനുള്ള പ്രവർത്തനങ്ങൾ വിവിധ സർക്കാർ വകുപ്പുകളും സ്ഥാപനങ്ങളും സന്നദ്ധ സംഘടനകളും വ്യവസായ ഉടമകളും ജനപ്രതിനിധികളും സ്ഥലവാസികളായ പൊതുജനങ്ങളുമെല്ലാം ഒത്തൊരുമിച്ച്നടത്തേണ്ടസമയം അതിക്രമിച്ചിരിക്കുകയാണ്.

6. പെരിയാർ അഭിമുഖീകരിക്കുന്ന മലിനീകരണ പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച് നിയമസഭാ പരിസ്ഥിതി സമിതിക്ക് നേരത്തേ ലഭിച്ചിരുന്ന പരാതിയിൽ, പെരിയാറിൽ നിന്നും മണൽ വാരുന്നതുമൂലം കുഴികളുണ്ടാകുന്നുവെന്നും അതിനാൽ വാട്ടർ ലെവൽ താഴുന്നുവെന്നും ശുദ്ധജല വിതരണത്തിനുള്ള പമ്പിംഗും കൃഷിക്കുള്ള ലിഫ്റ്റ് ഇറിഗേഷൻ പമ്പിംഗും നിലച്ചുപോകുന്നുവെന്നും കടലിലേക്ക് ഒഴുകി ഇറങ്ങിയിരുന്ന നദി വാട്ടർ ലെവൽ താണതുമൂലം തിരിച്ചൊഴുകുന്നുവെന്നും നദിയിലേക്ക് ഉപ്പുവെള്ളം കയറുന്നുവെന്നും അതിനാൽ, ശുദ്ധജല വിതരണം ദിവസങ്ങളോളം നിർത്തിവയ്ക്കേണ്ടിവരുന്നുവെന്നും രേഖപ്പെടുത്തിയിരുന്നു. പെരിയാറിൽ രാസമാലിന്യങ്ങൾ കലർന്ന് ജലത്തിന് നിറം മാറ്റം ഉണ്ടാകുന്നുവെന്നും ആയത്

സമീപവാസികളിൽ ആശങ്ക ഉളവാക്കിയിരിക്കുകയാണെന്നുമുള്ള പത്ര വാർത്തകളുടെ അടിസ്ഥാനത്തിൽ 2006 സെപ്റ്റംബർ 12-ന് കൂടിയ സമിതി യോഗം പ്രസ്തുത വിഷയം ചർച്ച ചെയ്യുകയും മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്ന് അത് സംബന്ധിച്ച് റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തു. മലിനീകരണ നിയന്ത്രണ ബോർഡിന്റെ റിപ്പോർട്ടിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും വിഷയത്തിൽ പരിസ്ഥിതി വകുപ്പ് സെക്രട്ടറി, മലിനീകരണ നിയന്ത്രണബോർഡ് മെമ്പർ സെക്രട്ടറി എന്നിവരിൽ നിന്ന് 27-9-2006-ൽ തെളിവെടുക്കുകയും ചെയ്തു. എന്നാൽ, നദിയിലെ ജലത്തിന് വീണ്ടും നിറംമാറ്റം ഉണ്ടാകുന്നുവെന്ന വാർത്തകൾ വന്നതിന്റെ അടിസ്ഥാനത്തിൽ വിഷയം സംബന്ധിച്ച് 13-11-2006-ൽ ആലുവാ ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ സമിതി യോഗം ചേർന്ന് പെരിയാർ മലിനീകരണ നിയന്ത്രണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകൾ, വ്യക്തികൾ എന്നിവരിൽ നിന്നും പരാതികളും അഭിപ്രായങ്ങളും സ്വരൂപിക്കുകയും തുടർന്ന് പെരിയാറിന്റെ തീരത്ത് സ്ഥിതിചെയ്യുന്ന പരാതിക്കാസ്പദമായ ഏതാനും വ്യവസായശാലകൾ സന്ദർശിക്കുകയും ചെയ്തു.

7. 30-11-2006-ൽ ചേർന്ന സമിതിയോഗം സമിതിയുടെ ആലുവ-ഏലൂർ സന്ദർശനവേളയിൽ മനസ്സിലാക്കിയ കാര്യങ്ങളെക്കുറിച്ച് അപഗ്രഥിക്കുകയും സുപ്രീം കോടതിയുടെ ഉത്തരവിനനുസൃതമായി പ്രവർത്തിക്കുന്ന Supreme Court Monitoring Committee യുടെ നിർദ്ദേശത്താൽ രൂപീകൃതമായ Local Area Environment Committee യുടെ പ്രവർത്തനത്തെക്കുറിച്ചും സേവ് പെരിയാർ കർമ്മപദ്ധതിയുടെ പ്രവർത്തനത്തെക്കുറിച്ചും കൂടുതൽ അറിയുവാനായി മലിനീകരണ നിയന്ത്രണ ബോർഡ് അധികൃതരോട് റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തു.

8. സുപ്രീംകോടതിയുടെ നിർദ്ദേശപ്രകാരം രൂപീകരിച്ച ലോക്കൽ ഏരിയ എൺവയോൺമെന്റ് കമ്മിറ്റി (എൽ. എ. ഇ. സി.)യുടെ പ്രവർത്തനത്തെക്കുറിച്ച് വിശദമാക്കണമെന്ന് സമിതി ആവശ്യപ്പെട്ടതനുസരിച്ച് പ്രസ്തുത കമ്മിറ്റി തയ്യാറാക്കിയ വിശദമായ പഠന റിപ്പോർട്ടിന്റെ (Environment Audit Report 2004-2005), കോപ്പി മലിനീകരണ നിയന്ത്രണ ബോർഡ് സമിതിക്ക് ലഭ്യമാക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റിയിൽ നിക്ഷിപ്തമായ കർത്തവ്യങ്ങൾ പൂർത്തീകരിച്ചതിനെത്തുടർന്ന് 7-4-2006-ലെ ഉത്തരവുപ്രകാരം കമ്മിറ്റി പ്രവർത്തനം അവസാനിപ്പിച്ചുവെന്നും തുടർന്നും പൊതുജനങ്ങളുടെ സഹായവും പങ്കാളിത്തവും സർക്കാർ ആഗ്രഹിക്കുന്നതിനാൽ വിദഗ്ദ്ധരെ ഉൾപ്പെടുത്തി പരിസ്ഥിതി കാവൽസംഘം രൂപീകരിച്ചെന്നും എൽ. എ. ഇ. സി.യുടെ ശുപാർശകൾ നടപ്പിലാക്കുന്നതിൽ വ്യവസായ സ്ഥാപനങ്ങൾ കൈവരിക്കുന്ന പുരോഗതി കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഏലൂരിലുള്ള എൺവയോൺമെന്റൽ സർവ്വൈലൻസ് സെന്റർ നിരീക്ഷിച്ചുവരുന്നതായും ബോർഡ് സമിതിയെ അറിയിക്കുകയുണ്ടായി. 'സേവ് പെരിയാർ കർമ്മ പദ്ധതിയുടെ ആശയ വിഭാവനം' എന്ന ലഘു പുസ്തകവും ബോർഡ് സമിതിക്ക് സമർപ്പിക്കുകയുണ്ടായി.

9. സേവ് പെരിയാർ കർമ്മ പദ്ധതിയുടെ ആശയ വിഭാവനത്തിൽ പരിസ്ഥിതി (മലിനീകരണ നിയന്ത്രണ ബോർഡ്) വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, റവന്യൂവകുപ്പ്, വ്യവസായ വകുപ്പ്, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, മത്സ്യബന്ധനവകുപ്പ്, കൃഷി വകുപ്പ്, വനവും വന്യജീവിയും വകുപ്പ്, ആഭ്യന്തര വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, ജലവിഭവ (ജലസേചനം, കേരള വാട്ടർ അതോറിറ്റി)

വകുപ്പ്, ഊർജ്ജവകുപ്പ് (കെ.എസ്.ഇ.ബി.) എന്നിവ പെരിയാർ മലിനീകരണ നിയന്ത്രണത്തിനായി ചെയ്യേണ്ടതായ കാര്യങ്ങളെന്തൊക്കെയെന്ന് വിശദമാക്കുന്നുണ്ട്. വിവിധ വകുപ്പുകൾ നടപ്പാക്കേണ്ട പദ്ധതികളെ ഹ്രസ്വകാല പദ്ധതികളെന്നും ദീർഘകാല പദ്ധതികളെന്നും തരംതിരിച്ചിട്ടുമുണ്ട്. ഈ പദ്ധതികൾ നടപ്പാക്കുന്നതിനായി നാളിതുവരെ സ്വീകരിച്ചിട്ടുള്ളതും ഇനി സ്വീകരിക്കാൻ പോകുന്നതുമായ നടപടികളെന്തൊക്കെയാണെന്ന് മേല്പറഞ്ഞ ഓരോ വകുപ്പിനോടും സമിതി ആരായുകയുണ്ടായി.

**പൊതുശുപാർശ**

## പെരിയാർ റിവർ മാനേജ്മെന്റ് അതോറിറ്റി രൂപീകരണം

10. പെരിയാർ മലിനീകരണം നിയന്ത്രിക്കുന്നതിനായി സർക്കാരിന്റെ വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമായ കാര്യമാണ്. വിവിധ വകുപ്പുകളുടെ പ്രവർത്തനത്തിന് ഫണ്ട് ലഭിക്കുന്നത് പല സമയങ്ങളിലായിട്ടായിരിക്കും. ഒരു ഏകോപനവുമില്ലാതെ ഫണ്ട് ചെലവാക്കിയാൽ പ്രതീക്ഷിച്ച ഫലം കൈവരിക്കാൻ സാധിക്കാതെ വരും. അതുപോലെ, വിവിധ വകുപ്പുകൾ തമ്മിൽ ആശയവിനിമയം നടത്താതെ പ്രവർത്തനം നടത്തുമ്പോഴും പ്രശ്നങ്ങളുണ്ടാകാം. ലക്ഷോപലക്ഷം തീർത്ഥാടകർ എത്തിച്ചേരുന്ന ശിവരാത്രി കാലഘട്ടത്തിൽതന്നെ അണക്കെട്ട് ഡീസിൽറ്റേഷൻ നടത്തി ചെളിയും എക്കലും പുഴയിലേക്ക് കലക്കി വിട്ടത് വകുപ്പുകൾ തമ്മിൽ ആശയവിനിമയമില്ലാത്തതിന്റെ പ്രത്യക്ഷോദാഹരണമാണ്. ചില സന്ദർഭങ്ങളിൽ, വകുപ്പുകൾ തമ്മിൽ കിടമത്സരം ഉണ്ടാകാനും ഒരു വകുപ്പു നല്കുന്ന നിർദ്ദേശത്തെ മറ്റൊരു വകുപ്പ് അവഗണിച്ച് പ്രവർത്തിക്കാനും ഇടനല്കിയെന്നുവരാം. ഗംഗാനദിയുടെ മലിനീകരണം നിയന്ത്രിക്കുന്നതിനായി രൂപീകൃതമായ അതോറിറ്റിയുടെ പ്രവർത്തനംമൂലം ഗംഗാനദിയിലെ മലിനീകരണം ഗണ്യമായ രീതിയിൽ നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ടെന്നാണ് സമിതി മനസ്സിലാക്കുന്നത്. ആയതിനാൽ, പെരിയാർ മലിനീകരണ നിവാരണ പ്രവർത്തനങ്ങൾക്കായി വിവിധ സർക്കാർ വകുപ്പുകളുടേയും പരിസ്ഥിതി സംഘടനകളുടേയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സ്റ്റാറ്റ്യൂട്ടറി അധികാരങ്ങളോടുകൂടിയ പെരിയാർ റിവർ അതോറിറ്റി രൂപീകരിക്കുവാനുള്ള നിയമനിർമ്മാണം നടത്തണമെന്നും അതോറിറ്റിയുടെ സുഗമമായ പ്രവർത്തനത്തിന് എറണാകുളം ജില്ലയ്ക്ക് ലഭ്യമായിട്ടുള്ള റിവർ മാനേജ്മെന്റ് ഫണ്ടിൽ വകകൊള്ളിച്ചിട്ടുള്ള തുകയുടെ മൂന്നിൽ രണ്ട് ഭാഗം അതോറിറ്റിക്ക് നൽകണമെന്നും ഇത് റിവർ മാനേജ്മെന്റ് അതോറിറ്റിയുടെ പ്രാരംഭ ഫണ്ടായിരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

## പരിസ്ഥിതി വകുപ്പ്

11. മലിനീകരണം ഇല്ലാതാക്കുന്നതിന് സുപ്രീം കോടതി മോണിറ്ററിംഗ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം രൂപീകൃതമായ ലോക്കൽ ഏരിയാ എൺവയോൺമെന്റൽ കമ്മിറ്റി മുന്നോട്ടുവച്ച ശുപാർശകൾ മലിനീകരണ നിയന്ത്രണ ബോർഡ് നടപ്പിലാക്കി വരുന്നുണ്ടെന്ന് പരിസ്ഥിതി വകുപ്പ് സമിതിയെ രേഖാമൂലം അറിയിക്കുകയുണ്ടായി.

സേവ് പെരിയാർ ആശയ വിഭാവനത്തിൽ പരിസ്ഥിതി വകുപ്പ് ചെയ്യേണ്ടതായ കാര്യങ്ങളിൽ പ്രധാനപ്പെട്ടവയും അവയ്ക്ക് വകുപ്പ് കൈക്കൊണ്ട നടപടിയും താഴെ ചേർക്കുന്നു.

12. വ്യവസായശാലകൾക്ക് നദിയിലേക്ക് പാഴ്ജലം പുറന്തള്ളുന്നതിന് ബോർഡിന്റെ അനുമതിയില്ലാത്ത രഹസ്യ നിർഗ്ഗമന മാർഗ്ഗങ്ങളുണ്ടോയെന്ന് പരിശോധിക്കാൻ ആധുനിക ശാസ്ത്ര സംവിധാനങ്ങളും വൈദഗ്ദ്ധ്യവുമുള്ള ഹൈദ്രാബാദിലെ നാഷണൽ ജിയോഫിസിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ ബോർഡ് ചുമതലയേൽപ്പിക്കുകയും റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ഡപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിലുള്ള സംഘം പെരിയാറിന്റെ തീരത്തുള്ള ഫാക്ടറികളുടെ പരിസരവും റോഡുകളും ജി. പി. ആർ. (ഗ്രൗണ്ട് പെനിട്രേറ്റിംഗ് റഡാർ) ഉപയോഗിച്ച് പരിശോധിക്കുകയും ഇടക്കാല റിപ്പോർട്ട് ഒരു മാസത്തിനകം ബോർഡിന് സമർപ്പിക്കുമെന്ന് അറിയിക്കുകയും ചെയ്തു. അടുത്ത പടിയായി അവർ ജി. പി. ആർ. പഠനത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ നിന്ന് വെള്ളത്തിന്റെയും മണ്ണിന്റെയും സാമ്പിളുകൾ ശേഖരിച്ച് ചെന്നൈയിലെ നാഷണൽ മെറ്റലർജിക്കൽ ലബോറട്ടറിയിൽ കൊടുത്ത് പരിശോധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നതായും 8 ലക്ഷത്തിൽപ്പരംരൂപ ചെലവുവരുന്ന ഈ പഠനത്തിലൂടെ രഹസ്യ നിർഗ്ഗമന മാർഗ്ഗങ്ങളുണ്ടെങ്കിൽ അവ കണ്ടുപിടിക്കാൻ സാധിക്കുന്നതാണെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്.

13. വ്യവസായശാലകൾക്ക് അനുവദിച്ചിട്ടുള്ള പാഴ്ജല നിർഗ്ഗമനക്കുഴലുകൾ തിരിച്ചറിയുന്നതിനായി അവ നദിയിലെ ജലനിരപ്പിന് മുകളിലായി ഉയർത്തണമെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് 31 വ്യവസായശാലകൾക്ക് നിർദ്ദേശം നല്കുകയും 26 വ്യവസായശാലകൾ ഈ നിർദ്ദേശം പാലിക്കുകയും ചെയ്തു. മൂന്ന് വ്യവസായശാലകൾ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ഒരെണ്ണത്തിന് ഇതിന്റെ ആവശ്യമില്ലെന്നും, ബാക്കിയുള്ളവയിൽ ഈ നിർദ്ദേശം പാലിക്കാത്ത രണ്ട് സ്ഥാപനങ്ങൾക്കെതിരെ ബോർഡ് നടപടികൾ സ്വീകരിച്ചുവരുന്നതായും അറിയിച്ചിട്ടുണ്ട്.

14. വൻകിട വ്യവസായശാലകളുടെ പാഴ് ജലനിർഗ്ഗമനത്തിന് മുൻപ് ഡിലേ പോണ്ട് നിർമ്മിക്കുകയും അവിടെ പാഴ്ജലത്തിന്റെ ഗുണനിലവാരം തുടർച്ചയായി അളക്കാനും രേഖപ്പെടുത്താനുമുള്ള സംവിധാനം ഏർപ്പെടുത്തിക്കുകയും ചെയ്യുന്നത് ത്വരിതപ്പെടുത്തുകയെന്ന നിർദ്ദേശത്തിന് നിർഗ്ഗമനത്തിന് മുൻപ് 4 മണിക്കൂറെങ്കിലും പാഴ്ജലം കെട്ടി നിറുത്താനുള്ള സംവിധാനം നിർമ്മിക്കാൻ 30 വ്യവസായശാലകൾക്ക് നിർദ്ദേശം നൽകിയിരുന്നുവെന്നും അതിൽ 12 വ്യവസായശാലകളിൽ ഡിലേ പോണ്ട് ഏർപ്പെടുത്തിയിട്ടുണ്ടെന്നും ബാക്കിയുള്ളവയെക്കൊണ്ട് ഇതേർപ്പെടുത്തിക്കുന്നതിനുള്ള നടപടികൾ ബോർഡ് സ്വീകരിച്ചുവരുന്നതായും അറിയിച്ചിട്ടുണ്ട്.

15. വ്യവസായശാലകളിലെ പാഴ്ജലശുദ്ധീകരണ പ്ലാന്റുകൾ അറ്റകുറ്റപ്പണികൾ നടത്തിക്കുകയും ആവശ്യമെങ്കിൽ വിപുലീകരിക്കുകയും ചെയ്യുക, അവ ശരിയായി പ്രവർത്തിക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്തുക, അതിനായി വേണ്ട സ്ഥലങ്ങളിൽ പ്രത്യേക എനർജി മീറ്റർ സംഘടിപ്പിക്കുക, എന്നീ നിർദ്ദേശങ്ങളിന്മേൽ മലിനീകരണ നിയന്ത്രണ സംവിധാനങ്ങളുടെ തുടർച്ചയായ പ്രവർത്തനം

ഉറപ്പുവരുത്താനായി ഇവയ്ക്ക് മാത്രമായി പ്രത്യേക എനർജി മീറ്റർ വെയ്ക്കണമെന്ന് 23 വ്യവസായശാലകൾക്ക് നിർദ്ദേശം നല്കിയെന്നും 12 വ്യവസായശാലകൾ ആ സംവിധാനം ഏർപ്പെടുത്തിയെന്നും മലിനീകരണ നിയന്ത്രണ ബോർഡ് അറിയിച്ചിട്ടുണ്ട്. കൂടാതെ ബോർഡുദ്യോഗസ്ഥർ ഫാക്ടറികൾ ഇടയ്ക്കിടെ പരിശോധിക്കുകയും പുറത്തേയ്ക്ക് വിടുന്ന പാഴ്ജലത്തിന്റെ ഗുണനിലവാരം നിർണ്ണയിക്കുകയും ചെയ്യുന്നതായും നിലവാരം കൈവരിക്കാത്ത ഫാക്ടറികൾക്ക് അറ്റകുറ്റപ്പണികൾ, വിപുലീകരണം എന്നിവ ഉൾപ്പെടെയുള്ള നിർദ്ദേശങ്ങൾ ബോർഡ് നല്കി വരുന്നതായും അറിയിച്ചിട്ടുണ്ട്.

16. എറണാകുളത്തെ പരിസ്ഥിതി വിദഗ്ദ്ധരെ ഉൾപ്പെടുത്തി ബോർഡ് രൂപീകരിച്ച പരിസ്ഥിതി കാവൽ സംഘം സജീവമായി പ്രവർത്തിച്ചുവരുന്നതായും അവർ കൊച്ചി കോർപ്പറേഷന്റെ കലൂരിലും മട്ടാഞ്ചേരിയിലുമുള്ള അറവുശാലകൾ, ആലുവ മുനിസിപ്പാലിറ്റിയിലെ പാഴ്ജല ശുദ്ധീകരണ പ്ലാന്റ്, ഏലൂരിലെ എഫ്. എ. സി. റ്റി.-ഉദ്യോഗമണ്ഡൽ, എച്ച്. ഐ. എൽ., ഇളമക്കരയിലെ അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, ഒക്കൽ കൂവപ്പടി പ്രദേശത്തെ റൈസ് മില്ലുകൾ തുടങ്ങിയവ പരിശോധിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകിയതായും പ്രസ്തുത സ്ഥാപനങ്ങൾ ടി നിർദ്ദേശങ്ങൾ പാലിച്ചുവരുന്നതായും ബോർഡ് അറിയിച്ചിട്ടുണ്ട്.

17. എടയാർ വ്യവസായ മേഖലയിൽ ഏഴ് എല്ലുപൊടിഫാക്ടറികൾ പ്രവർത്തിച്ചുവരുന്നു. പരിസര ശുചിത്വമില്ലാത്തതിനാലും അന്നന്നു തന്നെ പ്രോസസ് ചെയ്യാതെ എല്ലുകൾ കൂടിക്കിടക്കുന്നതിനാലും റ്റാലോ (tallow) നിർമ്മാണത്താലും കൊഴുപ്പ് ഒഴുക്കുന്നതിനാലും ദുർഗന്ധം പരക്കുന്നു. തുടർന്ന് ഫാക്ടറികൾക്ക് നിരവധി പ്രാവശ്യം നിർദ്ദേശം നൽകിയിട്ടും അനുമതി പത്രം റദ്ദാക്കിയിട്ടും ഈ ഫാക്ടറികൾ പര്യാപ്തമായ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തിയില്ല. ഈ സാഹചര്യത്തിൽ താഴെപ്പറയുന്ന ഫാക്ടറികൾക്ക് അടച്ചു പൂട്ടൽ ഉത്തരവ് നൽകി.

1. കൊച്ചിൻ ഫെർട്ടിലൈസേഴ്സ്
2. നാഷണൽ ഇൻഡസ്ട്രീസ്
3. സിഗ്മ ഫെർട്ടിലൈസേഴ്സ്
4. യോമാൻ ബോൺ ആന്റ് അലൈഡ് പ്രോഡക്ട്സ്

എന്നാൽ അടച്ചുപൂട്ടൽ ഉത്തരവിനെ തുടർന്ന് പ്രസ്തുത എല്ലുപൊടി ഫാക്ടറികളും അസോസിയേഷനും ബോർഡിന് സമർപ്പിച്ച നിവേദനങ്ങൾ പരിഗണിച്ച് ഉന്നതതല യോഗംകൂടി അടച്ചുപൂട്ടൽ ഉത്തരവ് നിബന്ധനാവിധേയമായി പിൻവലിക്കാൻ തീരുമാനിച്ചു. താഴെപ്പറയുന്ന മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ നടപ്പാക്കാൻ നിർദ്ദേശം നൽകി.

1. ഫാക്ടറി ഷെഡ് പൂർണ്ണമായും കെട്ടി അടയ്ക്കുക
2. ഫാക്ടറിയിലെ വാതിലുകളുടെ എണ്ണം പരിമിതപ്പെടുത്തുക
3. ഫാക്ടറിയുടെ ഉൾഭാഗം ഈർപ്പരഹിതമാക്കുക

4. ഫാക്ടറിയിലേയ്ക്ക് കൊണ്ടുവരുന്ന അസംസ്കൃത വസ്തുവായ എല്ലുകൾ അന്നുതന്നെ പ്രോസസ് ചെയ്യുക.

5. എല്ലുകൊണ്ടുവരുന്ന ട്രക്ക് മുഴുവനായി മൂടുക

6. ദുർഗന്ധശമനികൾ ക്രമമായി ഉപയോഗിക്കുക

7. എല്ല് പുഴുങ്ങാൻ ഉപയോഗിക്കുന്ന പാത്രങ്ങളും മറ്റ് സാമഗ്രികളും കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാർഗ്ഗനിർദ്ദേശം അനുസരിച്ച് രൂപാന്തരപ്പെടുത്തുക.

8. 15 മീറ്റർ ഉയരമുള്ള ചിമ്മിനിയോടുകൂടിയ ഹുഡ് എല്ല് പുഴുങ്ങുന്ന ഭാഗത്ത് ഏർപ്പെടുത്തുക

9. ദുർഗന്ധം നിയന്ത്രിക്കുന്നതിനായി സ്ക്രബിംഗ് സംവിധാനം ഏർപ്പെടുത്തുക

10. സ്ക്രബ് ചെയ്യുമ്പോൾ ഉണ്ടാകുന്ന പാഴ്ജലം ബയോ ഗ്യാസ് പ്ലാന്റിൽ ശുദ്ധീകരിക്കുക

11. ദുർഗന്ധം പരക്കാതിരിക്കാൻ കൊഴുപ്പ് ശേഖരിച്ച് ജലാംശം മാറ്റുന്നത് ഹുഡിന് താഴെയായി ചെയ്യുക.

12. ബോയിലറിന്റെ ചിമ്മിനിയുടെ ഉയരം 15 മീറ്റർ ആക്കുക

13. മഴവെള്ളം ഒഴുകിപോകാൻ വേണ്ടിയുള്ള ചാലിൽ ഓയിൽട്രാപ്പും ഡിലേ പോണ്ടും നിർമ്മിക്കുക

14. ഫാക്ടറി കെട്ടിടത്തിന്റെ തറ പ്ലാസ്റ്റർ ചെയ്യുക

ഈ സംവിധാനങ്ങൾ ഏർപ്പെടുത്താൻ നാല് മാസത്തെ സമയം നൽകുകയും ഒരു ലക്ഷം രൂപയുടെ ബാങ്ക് ഗ്യാരന്റി സമർപ്പിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തു. കൊച്ചിൻ ഫെർട്ടിലൈസേഴ്സ് ലിമിറ്റഡും ഓർഗാനോ ഫെർട്ടിലൈസേഴ്സ് (ഇൻഡ്യ) പ്രൈവറ്റ് ലിമിറ്റഡിന്റെ പുതിയ യൂണിറ്റും ബോർഡ് നൽകിയ നിർദ്ദേശങ്ങൾ ഏകദേശം പാലിക്കുകയുണ്ടായി. ആകയാൽ, ശേഷിച്ച മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ പൂർണ്ണമായി ഏർപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ പ്രസ്തുത ഫാക്ടറികൾക്ക് നൽകി. താഴെപ്പറയുന്ന മറ്റ് അഞ്ച് ഫാക്ടറികളും അടച്ചുപൂട്ടുന്നതിനുള്ള ഉത്തരവ് 24-5-2007-ൽ നൽകി. കൂടാതെ ബാങ്ക് ഗ്യാരന്റി കണ്ട്കെട്ടുന്നതിനുള്ള നിർദ്ദേശവും നൽകുകയുണ്ടായി.

1. എ. ഇ. എസ്. ഇൻഡസ്ട്രീസ്
2. നാഷണൽ ഇൻഡസ്ട്രീസ്
3. നെൽക്കതിർ ബോൺ ഇൻഡസ്ട്രീസ്
4. യോമാൻ ബോൺ ആന്റ് അലൈഡ് പ്രൊഡക്ട്സ്
5. സിഗ്മ ഫെർട്ടിലൈസേഴ്സ്

എന്നാൽ പ്രസ്തുത ഉത്തരവ് തൽക്കാലത്തേക്ക് നിറുത്തി വയ്ക്കണമെന്നുള്ള ഫാക്ടറികളുടെ അഭ്യർത്ഥനയെത്തുടർന്ന് ഇതേക്കുറിച്ച് പഠനം നടത്തി മലിനീകരണം നിയന്ത്രിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തി പരിസ്ഥിതിക്കനുയോജ്യമായി പ്രവർത്തിക്കാൻ പറ്റുന്ന ഫാക്ടറികളും അല്ലാതെ അടച്ചുപൂട്ടേണ്ട ഫാക്ടറികളും ഏതൊക്കെയെന്ന് ശുപാർശ ചെയ്യുന്നതിനായി പരിസ്ഥിതി കാവൽ സംഘത്തിന്റെ ചെയർമാനും കൊച്ചി സ്ക്കൂൾ ഓഫ് എഞ്ചിനീയറിംഗിന്റെ പ്രൊഫസറുമായ ഡോ. ജി. മധു ചെയർമാനായി നാലംഗ കമ്മറ്റി 16-5-2007-ൽ രൂപീകരിച്ചു. കമ്മറ്റി ഫാക്ടറികൾ പരിശോധിച്ചു വരുന്നു. കമ്മറ്റിയുടെ റിപ്പോർട്ട് ലഭിച്ചുകഴിഞ്ഞ് തുടർ നടപടികൾ എടുക്കുന്നതാണ്.

18. ഏലൂർ ഇടയാർ പ്രദേശങ്ങളിലെ മലിനീകരണ പ്രശ്നങ്ങളും പെരിയാറിലെ പ്രശ്നങ്ങളും കൈകാര്യം ചെയ്യുന്നതിനായി ബോർഡിന്റെ എൺവയോൺമെന്റൽ എഞ്ചിനീയറിന്റെ അധീനതയിലുള്ള എൺവയോൺമെന്റൽ സർവ്വൈലൻസ് സെന്റർ സ്ഥാപിച്ചുവെന്നും അവിടേയ്ക്ക് കൂടുതൽ ഉദ്യോഗസ്ഥരെ ആവശ്യമുണ്ടെന്നും ബോർഡ് അറിയിച്ചു. സുപ്രീം കോടതിയുടെ മോണിറ്ററിംഗ് കമ്മിറ്റി ഈ തസ്തികകൾ അനുവദിക്കാൻ സർക്കാരിന് നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും അപ്രകാരം നിയമിച്ചിട്ടില്ല. തത്ക്കാലം ബോർഡിന്റെ ഇതര ഓഫീസുകളിൽ നിന്നും ഉദ്യോഗസ്ഥരെ കടമെടുത്ത് നിയമിച്ച് സർവ്വൈലൻസ് സെന്റർ പ്രവർത്തിച്ചുവരുകയാണ്. ടി പ്രദേശത്തെ ഫാക്ടറികൾ ഇടയ്ക്കിടെ പരിശോധിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകി വരികയും ചെയ്യുന്നു. കൂടാതെ നിയമം ലംഘിക്കുന്നവർക്കെതിരെ അടച്ചുപൂട്ടൽ ഉത്തരവ് നൽകുക, ബാങ്ക് ഗ്യാരന്റി എടുപ്പിക്കുക തുടങ്ങിയ നടപടികളും ബോർഡ് സ്വീകരിച്ചുവരുന്നു.

19. കൂടുതൽ വ്യവസായങ്ങളെ മലിനീകരണ നിയന്ത്രണ സംവിധാനത്തിന് കീഴിൽ കൊണ്ടുവരിക എന്ന നിർദ്ദേശത്തിനുള്ള മറുപടി ഇപ്രകാരമാണ്. ഏലൂർ ഇടയാർ മേഖലയിൽ 230-ൽപരം വ്യവസായശാലകൾ സ്ഥാപിതമായതിൽ 205 എണ്ണം പ്രവർത്തനക്ഷമമാണെന്നും ഇവയിൽ മലിനീകരണ സാദ്ധ്യതയുള്ള 150 വ്യവസായശാലകളെ ബോർഡിന്റെ അധികാരപരിധിയിൽ കൊണ്ടുവന്നിട്ടുണ്ടെന്നും ബാക്കിയുള്ളവയിൽ പ്രസക്തമായവയെക്കൂടി പരിധിയിൽ കൊണ്ടു വരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും അറിയിച്ചിട്ടുണ്ട്.

20. തുടർച്ചയായി നിയമം ലംഘിക്കുന്ന സ്ഥാപനങ്ങൾ അടച്ചുപൂട്ടാനും ശിക്ഷിക്കാനും നടപടികൾ സ്വീകരിക്കുകയെന്ന നിർദ്ദേശത്തിന് തുടർച്ചയായി നിയമം ലംഘിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ അടച്ചുപൂട്ടൽ ഉൾപ്പെടെയുള്ള നടപടികൾ ബോർഡ് സ്വീകരിച്ചുവരുന്നതായി അറിയിച്ചിട്ടുണ്ട്. എച്ച്. ഐ. എൽ., ബിനാനി സിങ്ക്, മെർക്കം ലിമിറ്റഡ്, ഏലൂർ എന്നീ കമ്പനികൾക്ക് അടച്ചുപൂട്ടൽ നോട്ടീസ് നല്കിയെന്നും കമ്പനികൾ ഉടൻതന്നെ മലിനീകരണ നിയന്ത്രണ നടപടികൾ സ്വീകരിക്കുമെന്ന ഉറപ്പിന്മേലും നിബന്ധനകൾക്ക് വിധേയമായും അടച്ചുപൂട്ടൽ ഉത്തരവ് പിൻവലിച്ചതായും അറിയിച്ചിട്ടുണ്ട്.

21. അതേപോലെ അറവുശാലകളിൽ, പര്യാപ്തമായ മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങൾ ഏർപ്പെടുത്താൻ ബോർഡ് പലപ്രാവശ്യം നിർദ്ദേശം നൽകിയിരുന്നുവെങ്കിലും അത് അനുസരിക്കാത്തതിനാൽ കൊച്ചി കോർപ്പറേഷൻ, പെരുമ്പാവൂർ

മുനിസിപ്പാലിറ്റി, ആലുവ മുനിസിപ്പാലിറ്റി എന്നിവയുടെ അറവുശാലകൾക്ക് അടച്ചുപൂട്ടൽ നോട്ടീസ് നൽകുകയും കൊച്ചി കോർപ്പറേഷന്റെ കലൂരിലും മട്ടാഞ്ചേരിയിലുമുള്ള അറവുശാലകളുടെ വൈദ്യുതിയും ജലവിതരണവും വിച്ഛേദിക്കുന്നതിനുള്ള ഉത്തരവുകൾ നൽകുകയും, കൊച്ചി കോർപ്പറേഷന്റെ കലൂരിലേയും മട്ടാഞ്ചേരിയിലേയും ആലുവ മുനിസിപ്പാലിറ്റിയിലേയും അറവുശാലകൾ അടച്ചുപൂട്ടൽ ഉത്തരവ് നൽകിയതിനെത്തുടർന്നും പ്രവർത്തിപ്പിച്ചതിനാൽ സെക്രട്ടറിമാർക്ക് പ്രോസിക്യൂഷൻ നോട്ടീസ് നൽകുകയും ചെയ്തതായി അറിയിച്ചിട്ടുണ്ട്.

22. മുനിസിപ്പൽ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ആൻഡ് ഹാൻഡിലിംഗ് റൂൾ പ്രകാരമുള്ള നഗര ഖര മാലിന്യങ്ങൾ ശേഖരിച്ച് സംസ്ക്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്താത്തതിനാൽ കൊച്ചി കോർപ്പറേഷന് 30-12-2006-ൽ കാരണം കാണിക്കൽ നോട്ടീസ് നൽകി 2008 മാർച്ചോടെ മുനിസിപ്പൽ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ആൻഡ് ഹാൻഡ്ലിംഗ് റൂൾസിൽ നിഷ്ക്കർഷിച്ചിട്ടുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുവേണ്ടിയുള്ള സമയബന്ധിത ആക്ഷൻ പ്ലാനും സീവേജ്-ശേഖരണ-ശുദ്ധീകരണ പ്ലാന്റിന്റെ പ്ലാനും ഒരു മാസത്തിനകം സമർപ്പിക്കുന്നതിനും, ഖരമാലിന്യവും സീവേജും കൈകാര്യം ചെയ്യുന്നതിനു വേണ്ടിയുള്ള ഫണ്ട് 2007-2008-ലെ വാർഷിക ബഡ്ജറ്റിലും 11-ാമത് പഞ്ചവത്സര പദ്ധതിയിൽ ഉൾക്കൊള്ളിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും ബോർഡ് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

23. ബയോ മെഡിക്കൽ വേസ്റ്റ് നിർമ്മാർജ്ജന സംവിധാനം ഏറ്റവും മോശമായ 8 ആശുപത്രികൾക്ക് അടച്ചുപൂട്ടാതിരിക്കുവാനുള്ള കാരണം കാണിക്കുന്നതിനുള്ള നോട്ടീസും എറണാകുളം ജില്ലയിലെ താഴെപ്പറയുന്ന വ്യവസായശാലകൾക്ക് അടച്ചുപൂട്ടാൻ ഉദ്ദേശിക്കുന്നതായി അറിയിച്ചുകൊണ്ടുള്ള നോട്ടീസും ബോർഡ് നൽകുകയുണ്ടായി.

1. ആലുവ ടെക്നോ റബ്ബർ
2. ഇടത്തല പോളിമേഴ്സ്
3. ഗോഡ്വിൻ ഫുഡ് പ്രോഡക്ട്
4. മണിക്കതൻ മോഡേൺ റൈസ്മിൽ
5. നമ്പ്യാട്ടുകുടി അഗ്രോ ഇൻഡസ്ട്രീസ്
6. നമ്പ്യാട്ടുകുടി അഗ്രോമിൽസ്
7. നമ്പ്യാട്ടുകുടി ഫുഡ് ആന്റ് സ്പൈസസ്
8. നമ്പ്യാട്ടുകുടി മോഡേൺ റൈസ്മിൽ
9. നമ്പ്യാട്ടുകുടി റൈസ്മിൽ
10. പീറ്റേഴ്സ് റൈസ് മിൽ
11. ആലുവ മുനിസിപ്പാലിറ്റിയുടെ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്
12. ട്രാവൻകൂർ കോപ്പർ ഫങ്കിസൈഡ്

24. വൻകിട-ഇടത്തരം വ്യവസായശാലകൾ പരിസ്ഥിതി നിലവാര റിപ്പോർട്ടുകൾ പൊതുജനങ്ങളുടെ അറിവിലേയ്ക്കായി ലഭ്യമാക്കുകയെന്ന നിർദ്ദേശത്തിന്മേൽ പൊതുജനങ്ങൾ ആവശ്യപ്പെടുന്നതിനനുസരിച്ച് പരിസ്ഥിതി നിലവാര റിപ്പോർട്ടിലെ വസ്തുതകൾ ബോർഡ് ലഭ്യമാക്കുന്നുണ്ടെന്ന് റിപ്പോർട്ട് ചെയ്തിരിക്കുന്നു.

25. വ്യവസായ ശാലകളിലെ ഉല്പാദന പ്രക്രിയയിൽ മാറ്റം വരുത്തിയോ പാഴ്ജലം ശുദ്ധീകരിച്ച് പുനരുപയോഗം ചെയ്തോ ഒരു വർഷത്തിനകം പാഴ്ജലം പെരിയാറിലേക്കൊഴുക്കുന്നത് പൂർണ്ണമായി ഒഴിവാക്കുകയോ കുറഞ്ഞപക്ഷം 80 ശതമാനമെങ്കിലും കുറപ്പിക്കുകയോ ചെയ്യുക എന്ന നിർദ്ദേശത്തിന് സീറോ എഫ്ളുവന്റ് ഡിസ്ചാർജ് സംവിധാനം ഏർപ്പെടുത്തണമെന്ന നിർദ്ദേശം ബോർഡ് 23 വ്യവസായ ശാലകൾക്ക് നൽകിയിട്ടുണ്ടെന്നും ഇതിന് ഒരു വർഷത്തെ സമയമാണ് അനുവദിച്ചിട്ടുള്ളതെന്നും സീറോ ഡിസ്ചാർജ് സിസ്റ്റം പൂർണ്ണമായും നടപ്പാക്കാൻ ബുദ്ധിമുട്ടുള്ള വ്യവസായശാലകൾക്ക് പാഴ്ജലത്തിന്റെ അളവ് 80% കണ്ട് കുറയ്ക്കുവാൻ നിർദ്ദേശം നല്കിയിട്ടുണ്ടെന്നും ഏലൂരിലെ മെർക്കം ലിമിറ്റഡിന്റെ ഫാക്ടറിയിൽ സീറോ എഫ്ളുവന്റ് ഡിസ്ചാർജ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നുമറിയിച്ചു. അവശിഷ്ട വ്യവസായിക പാഴ്ജലം ശേഖരിച്ച് വേണ്ടത്ര സംസ്ക്കരിച്ച് കുഴൽമാർഗ്ഗം കടലിൽ എത്തിക്കുവാനുള്ള നടപടി സ്വീകരിക്കുകയെന്ന നിർദ്ദേശത്തിന് വ്യവസായശാലകളിൽ വച്ച് നടപ്പാക്കാവുന്ന കാര്യങ്ങൾ എല്ലാം ചെയ്തശേഷം അവശിഷ്ട വ്യാവസായിക പാഴ്ജലം ശേഖരിച്ച് വേണ്ടത്ര സംസ്ക്കരിച്ച് കുഴൽമാർഗ്ഗം കടലിൽ എത്തിക്കുവാൻ വിവിധ വകുപ്പുകളുടേയും വ്യവസായശാലകളുടെയും കൂട്ടായ ആലോചനയ്ക്കുശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

26. മലിനീകരണം തടയുന്നതിനായി എടുത്തിട്ടുള്ള നടപടികളെന്തെല്ലാമെന്ന് വിശദമാക്കികൊണ്ട് മലിനീകരണ നിയന്ത്രണ ബോർഡ് സമിതിയ്ക്ക് തന്നിട്ടുള്ള റിപ്പോർട്ടും ലോക്കൽ ഏരിയാ എൺവയോൺമെന്റൽ കമ്മിറ്റി റിപ്പോർട്ടിൽ കൊടുത്തിട്ടുള്ള ശുപാർശകളും തമ്മിൽ വളരെ വ്യത്യാസമുണ്ടെന്ന് സമിതി ചൂണ്ടിക്കാണിച്ചു. ആയതിന് വിശദീകരണമായി, റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ മിക്കതും നടപ്പിലാക്കിയെന്നും ഏറ്റവും മലിനീകൃതമായ പ്രദേശമായി സുപ്രീംകോടതി കണ്ടെത്തിയത് കുഴിക്കണ്ടം തോട് ഏരിയയാണെന്നും ആ സ്ഥലം മണ്ണ് ഗവേഷണം (re-engineering of soil) നടത്തി ശരിയാക്കിയെടുക്കുവാനുള്ള നടപടി സ്വീകരിച്ചു വരുന്നതായും ഇതിനായി സെൻട്രൽ പൊല്യൂഷൻ കൺട്രോൾ ബോർഡ് സെക്രട്ടറിയുമായി സംസാരിച്ച് ഈ സ്ഥലവും ഇന്ത്യയിൽ മറ്റു പല സ്ഥലത്തും ഐഡന്റിഫൈ ചെയ്ത കുറെ പ്രോജക്ടുകളുടെ കൂടെ ഉൾപ്പെടുത്താൻ സാധ്യതയുണ്ടെന്നും മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ തെളിവെടുപ്പു യോഗത്തിൽ ബോധിപ്പിക്കുകയുണ്ടായി. കൂടാതെ, സേവ് പെരിയാർ ആശയവിഭാവനത്തിൽ വിവിധ വകുപ്പുകൾ സ്വീകരിക്കേണ്ട നടപടികളുടെ മറുപടി വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ചശേഷം കേന്ദ്ര ഗവൺമെന്റിന്റെ ഫണ്ട് കിട്ടാനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ടുണ്ടാക്കുന്നതാണെന്നും അതിനായി റൂർക്കി എഞ്ചിനീയറിംഗ് കോളേജ്, സെൻട്രൽ ലതർ ഇൻസ്റ്റിറ്റ്യൂട്ട്, ഡൽഹിയിലുള്ള ഒരു പ്രൈവറ്റ് സ്ഥാപനം എന്നിവയിൽ നിന്നും ക്വട്ടേഷൻ വിളിച്ചിരിക്കുകയാണെന്നും പി. സി. ബി. ചെയർമാൻ അറിയിച്ചു.

27. പെരിയാർ മലിനീകരണം നടത്തുന്ന വ്യവസായ ശാലകളെ നിയന്ത്രിക്കുന്നതിനും അവയ്ക്കെതിരെ നടപടിയെടുക്കുന്നതിനും മലിനീകരണ നിയന്ത്രണ ബോർഡ് എപ്പോഴും ജാഗരൂകരായിരുന്നുവെന്നും പി. സി. ബി. ചെയർമാൻ അറിയിച്ചു.

28. വ്യവസായശാലകളിൽ നിന്നുള്ള മാരകമായ വിഷാംശം വെള്ളത്തിൽ കലർത്തുന്നതിനെതിരെ ക്രിമിനൽ കേസെടുക്കാൻ വകുപ്പുണ്ടോയെന്ന ചോദ്യത്തിന് പ്രോസിക്യൂട്ട് ചെയ്താൽ 7 വർഷംവരെ ശിക്ഷിക്കാനുള്ള വകുപ്പുണ്ടെന്നും എന്നാൽ മലിനീകരണ നിയന്ത്രണത്തിനായി ബാങ്ക് ഗ്യാരന്റി വാങ്ങുന്നത് കുറെകൂടി പ്രയോജനപ്രദമാണെന്ന് തോന്നുന്നതായും പി. സി. ബി. ചെയർമാൻ അറിയിച്ചു. ക്രിമിനൽ കേസ്സെടുക്കണമെങ്കിൽ നിയമം ഭേദഗതി ചെയ്യേണ്ടിവരുമെന്നും ഇത്തരം കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് ഇപ്പോൾ ബീഹാറിൽ ഉള്ളതുപോലെ എൺവയോൺമെന്റൽ കോർട്ട് ആരംഭിക്കാൻ ശ്രമിക്കുന്നുവെന്നും ചെയർമാൻ അറിയിച്ചു.

29. അടുത്ത ദിവസങ്ങളിൽ പെരിയാറിലെ ജലത്തിനു ചുവന്ന കളർ വന്നത് പാതാളം ബണ്ട് പൊട്ടിയതുകൊണ്ടാണെന്നും, കൂടാതെ ഇപ്പോൾ അവിടത്തെ ടർബിഡിറ്റി വളരെ കുടുതലാണെന്നും പെരിയാറിൽ ബിനാനി സിങ്കിന്റെ ഭാഗത്ത് ജലത്തിന് നിറവ്യത്യാസം വന്നതു സംബന്ധിച്ച് പരിശോധിച്ചപ്പോൾ, പ്രസ്തുത ഫാക്ടറിയിൽ നിന്നും നദിയിലേയ്ക്ക് ഒഴുക്കിവിടുന്ന പാഴ്ജലത്തിൽ സിങ്കിന്റേയും, ഇരുമ്പിന്റേയും, ഫ്ളൂറൈഡിന്റേയും സൾഫേറ്റിന്റേയും സാന്നിദ്ധ്യം കാണാൻ കഴിഞ്ഞുവെന്നും സമിതിയുടെ ചോദ്യത്തിന് മറുപടിയായി പി. സി. ബി. ചെയർമാൻ അറിയിച്ചു. പി. സി. ബി. നടത്തുന്ന പഠനങ്ങളുടെയും മറ്റും വിശദാംശങ്ങൾ യഥാസമയം ജനങ്ങളെ അറിയിയ്ക്കണമെന്ന് സമിതി നിർദ്ദേശിക്കുകയുണ്ടായി.

**നിഗമനങ്ങൾ/ശുപാർശകൾ**

30. പെരിയാർ മലിനീകരണ നിയന്ത്രണവുമായി ബന്ധപ്പെട്ട് നിരവധി പ്രവർത്തനങ്ങളുടെ ചുമതലയാണ് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിക്ഷിപ്തമായിട്ടുള്ളത്. വ്യവസായസ്ഥാപനങ്ങൾ പുഴയിലേക്ക് രഹസ്യനിർഗ്ഗമന മാർഗ്ഗങ്ങൾ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ അവ കണ്ടെത്തി നീക്കം ചെയ്യുക, വൻകിട വ്യവസായ ശാലകളുടെ പാഴ്ജല നിർഗ്ഗമനത്തിനുമുമ്പ് ഡിലേപോണ്ട് നിർമ്മിക്കാനും പാഴ്ജലത്തിന്റെ ഗുണനിലവാരം അളക്കുവാനുമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിക്കുക, പാഴ്ജല ശുദ്ധീകരണ പ്ലാന്റുകൾ ശരിയായി പ്രവർത്തിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുക, തുടർച്ചയായി നിയമം ലംഘിക്കുന്ന സ്ഥാപനങ്ങൾ അടച്ചുപൂട്ടാനും ശിക്ഷിക്കാനും നടപടി സ്വീകരിക്കുക, ഓർഗാനിക് പൊല്യൂട്ടന്റ് ലാബ് സ്ഥാപിക്കുക, പരിശോധനയ്ക്ക് ആവശ്യമായ ബോട്ട് ഏർപ്പെടുത്തുക, മലിനീകരണവും ദുർഗന്ധവും തടയാത്ത എല്ലുപൊടി ഫാക്ടറികൾ മാറ്റിക്കുക, ഫാക്ടറികൾ സീറോ ഡിസ്ചാർജ്ജ് തലത്തിൽ മലിനീകരണ നിയന്ത്രണം നടപ്പാക്കുക തുടങ്ങിയ വിവിധങ്ങളായ ഉത്തരവാദിത്വങ്ങളാണ് ബോർഡിനുള്ളത്. പരിസ്ഥിതി നിയമങ്ങൾ തെറ്റിക്കുന്ന വ്യൂവസായശാലകൾക്കെതിരെ വലുപ്പചെറുപ്പമില്ലാതെ നടപടിയെടുത്തതും ബാങ്ക് ഗ്യാരന്റി വാങ്ങിച്ചതുംമൂലം പെരിയാർ നദിയിലെ ജലത്തിന്റെ പൊതുവായ ഗുണനിലവാരം മെച്ചപ്പെട്ടിട്ടുണ്ടെന്ന് ബോർഡ് ഉദ്യോഗസ്ഥന്മാർ സമിതി യോഗത്തിൽ അറിയിച്ചിരുന്നു. എന്നാൽ ബോർഡിന്റെ കാര്യക്ഷമതയില്ലായ്മയെക്കുറിച്ച് പൊതുജനങ്ങൾ സമിതി യോഗത്തിൽ പരാതിപ്പെട്ട

സംഭവവുമുണ്ട്. പെരിയാർ മലിനീകരണ നിയന്ത്രണത്തിന് മെച്ചപ്പെട്ട രീതിയിലുള്ള പ്രവർത്തനം കാഴ്ചവെയ്ക്കുന്നതിനായി മലിനീകരണ നിയന്ത്രണബോർഡിന് ആവശ്യമായ തുക ബഡ്ജറ്റിൽ വകകൊള്ളിക്കണമെന്നും അതുപോലെ, ഒരു വർക്ക് സ്റ്റഡി നടത്തിയിട്ട് പെരിയാർ മലിനീകരണ നിയന്ത്രണ പ്രവർത്തനങ്ങൾക്കായി ആവശ്യമെങ്കിൽ പരിസ്ഥിതി എഞ്ചിനീയർമാർ ഉൾപ്പെടെ കൂടുതൽ ജീവനക്കാരെ നിയമിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

31. പരിസ്ഥിതിക്ക് കോട്ടം വരുത്തുന്ന പ്രവർത്തികൾ കേരളത്തിൽ പൊതുവെയും എറണാകുളം ജില്ലയിലെ വ്യവസായ മേഖലയിൽ പ്രത്യേകിച്ചും വർദ്ധിച്ചു വരുന്നതായി സമിതി മനസ്സിലാക്കുന്നു. ഇതിനൊരു പരിഹാരമായി പരിസ്ഥിതി പ്രശ്നങ്ങൾ സമയബന്ധിതമായും ഫലപ്രദമായും വിചാരണ ചെയ്യുന്നതിനുള്ള സംവിധാനം നിലവിലില്ലെന്ന് സമിതി വിലയിരുത്തുന്നു. അതിനാൽ പരിസ്ഥിതി സംബന്ധമായ കേസ്സുകൾ സമയബന്ധിതമായി വിചാരണ ചെയ്ത് തീർക്കുന്നതിനായി പരിസ്ഥിതി കോടതികൾ സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുമായി കൂടിയാലോചിച്ച് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

32. കഴിഞ്ഞ കുറച്ചു നാളുകളായി പെരിയാറിലെ മലിനീകരണം പത്രങ്ങളിലും ടി.വി ചാനലുകളിലും വളരെയധികം വാർത്താപ്രാധാന്യം സൃഷ്ടിക്കുന്നുണ്ട്. വെള്ളത്തിന്റെ നിറംമാറ്റത്തെക്കുറിച്ചും മത്സ്യം ചത്തുപൊങ്ങുന്നതിനെക്കുറിച്ചും മറ്റും വിവിധങ്ങളായ കാരണങ്ങളാണ് ശാസ്ത്രസമൂഹം വിശദീകരിക്കുന്നത്. ഇത് ജനങ്ങളിൽ ആശങ്കയും ആശയക്കുഴപ്പവും ഉണ്ടാക്കുന്നതായി സമിതിയുടെ യോഗത്തിൽ നാട്ടുകാർ പരാതിപ്പെട്ടിരുന്നു. അതിനാൽ, പെരിയാറിലെ വെള്ളം സമീപവാസികൾ ഭയപ്പാടോടെയാണ് കുടിക്കാനും വീട്ടാവശ്യങ്ങൾക്കും ഉപയോഗിക്കുന്നത്. പെരിയാറിലെ ഏതെങ്കിലും പ്രദേശത്ത് നിറംമാറ്റമോ മറ്റെന്തെങ്കിലും മലിനീകരണ പ്രശ്നമോ റിപ്പോർട്ട് ചെയ്യപ്പെട്ടാൽ മലിനീകരണ നിയന്ത്രണ ബോർഡ് കുറച്ചുകൂടി ശുഷ്ക്കാന്തിയോടെ ഉണർന്നു പ്രവർത്തിക്കണമെന്നും മലിനീകരണത്തെപ്പറ്റി വ്യത്യസ്തമായ അഭിപ്രായങ്ങൾ പറയാതെ ബോർഡിലെ വിദഗ്ധർ ഒത്തുചേർന്ന് സുചിന്തിതമായ പഠന റിപ്പോർട്ട് തയ്യാറാക്കുകയും ചുമതലപ്പെട്ട ഉന്നതോദ്യോഗസ്ഥൻതന്നെ മാധ്യമങ്ങളിലൂടെ പ്രശ്നങ്ങളുടെ കാരണമെന്താണെന്ന് അറിയിച്ച് ജനങ്ങളിലെ ഭയവും ആശങ്കയും ഇല്ലാതാക്കാൻ ശ്രമിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

33. ഈ പ്രദേശത്തെ വ്യവസായശാലകൾ പുറത്തുവിടുന്ന പുകമൂലം ഉണ്ടാകുന്ന അന്തരീക്ഷ മലിനീകരണം നിയന്ത്രിക്കുന്നതിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നടപടി സ്വീകരിക്കണമെന്നും സമയാസമയങ്ങളിൽ വായുവിലെ മലിനീകരണം സംബന്ധിച്ച് പരിശോധന നടത്തി വായുവിന്റെ ഗുണനിലവാരം ഉറപ്പുവരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

## തദ്ദേശസ്വയംഭരണ വകുപ്പ്

34. നദീതീര സംരക്ഷണത്തിനായി ബോധവൽക്കരണ പരിപാടികൾ എല്ലാ തലത്തിലും ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതു കൂടാതെ 10 അടിയെങ്കിലും വളർച്ചയെത്തിയ മുളയുടെ തൈകൾ മഴക്കാലത്തുവച്ചുപിടിപ്പിച്ച് അവയുടെ സംരക്ഷണം എക്കോ-ഫ്രണ്ട്‌ലി ക്ലബ്, സയൻസ് ക്ലബ് എന്നിവയെ ഏല്പിച്ചാലേ ആ സംരംഭം വിജയിക്കുകയുള്ളൂവെന്ന് സെക്രട്ടറി അറിയിച്ചു.

35. അറവുശാലകൾ ആധുനീകരിക്കുകയും അവിടെനിന്നുള്ള മാലിന്യങ്ങൾ ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുവാനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്യണമെന്ന സേവ് പെരിയാറിലെ നിർദ്ദേശത്തിന് അറവുശാലകൾക്ക് പ്രത്യേകമായി ഒരു അതോറിറ്റി നിലവിൽ വരേണ്ടതാവശ്യമാണെന്നും ജലസ്രോതസ്സുകൾ മലിനമാക്കുന്ന പ്രവർത്തികളിലേർപ്പെടുന്നവരെ ശിക്ഷിക്കുന്നതിന് കഴിയുന്ന വിധത്തിൽ നിയമ നിർമ്മാണം നടത്തി ബന്ധപ്പെട്ട ആക്ടുകൾ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നതായും സെക്രട്ടറി പറഞ്ഞു

36. മലിനീകരണ സാദ്ധ്യതയുള്ള വ്യവസായങ്ങൾക്കും ഹോട്ടലുകൾക്കും ആശുപത്രികൾക്കും ഇപ്പോൾ തന്നെ മലിനീകരണ നിയന്ത്രണ ബോർഡിന്റെ ക്ലിയറൻസ് ഉണ്ടെങ്കിൽ മാത്രമേ ലൈസൻസ് കൊടുക്കുകയുള്ളൂവെന്നും ബഹുനില കെട്ടിടങ്ങൾക്ക് നിലവിലുള്ള നിയമത്തിൽ ഭേദഗതി വരുത്തി അത് കർശനമാക്കാൻ ഉദ്ദേശിക്കുന്നതായും സെക്രട്ടറി അറിയിച്ചു. ബയോ മെഡിക്കൽ വേസ്റ്റ് സംസ്ക്കരിക്കുന്നതിനായി പാലക്കാട് മാത്രമാണ് ഇപ്പോൾ പ്ലാന്റ് നിലവിൽ ഉള്ളതെന്നും കേരളത്തിൽ കൂടുതൽ പ്ലാന്റുകൾ നിലവിൽ വരേണ്ടത് ഏറ്റവും അത്യാവശ്യമാണെന്നും സെക്രട്ടറി അറിയിച്ചു.

37. പെരിയാർ സംരക്ഷിക്കുന്നതിന് ഒരു ആക്ഷൻ പ്ലാനോ ഏജൻസിയോ പോരെന്നും ഗംഗാ അതോറിറ്റി പോലെ പെരിയാർ റിവർ അതോറിറ്റി തന്നെ നിലവിൽ വരണമെന്നും അതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികളും മറ്റു വിദഗ്ധരും എക്സ്പെർട്ട്സും കൂടി ആവശ്യമാണെന്നും മറ്റു സംസ്ഥാനങ്ങളിൽ ഇത് വിജയകരമായി ചെയ്തിട്ടുണ്ടെന്നും സെക്രട്ടറി തുടർന്നറിയിച്ചു.

38. റിവർ അതോറിറ്റി പോലെ തന്നെ പ്രാധാന്യമർഹിക്കുന്നതാണ് അറവുശാലകൾക്ക് ഒരു അതോറിറ്റി നിലവിൽ വരികയെന്നത് കേരളത്തിൽ ഖര-ദ്രവ മാലിന്യം കൈകാര്യം ചെയ്യുന്നവരുടെ അഭാവമുണ്ട്. ഇതു പോലൊരു അതോറിറ്റി നിലവിൽ വരികയാണെങ്കിൽ ആ കുറവ് പരിഹരിക്കപ്പെടും. അതുപോലെ ലാന്റ് യൂസ് മാപ്പ് പെരിയാറിന്റെ കൈവഴികളിലെല്ലാം വേണം. ഇതൊക്കെ കൂടാതെ പെരിയാർ വാലിയിലെ ജനങ്ങളിൽ പുഴമലിനീകരണം സംബന്ധിച്ച് കുറെകൂടി അവബോധമുണ്ടാകേണ്ടത് വളരെ പ്രാധാനപ്പെട്ട കാര്യമാണെന്നും സെക്രട്ടറി അഭിപ്രായപ്പെട്ടു.

39. പുഴകളിലും തോടുകളിലും മാലിന്യം നിക്ഷേപിക്കുന്നവരെ പിടികൂടി ശിക്ഷിക്കാനുള്ള ഫലപ്രദമായ നിയമം ഇപ്പോൾ നിലവിലില്ലെന്നും നിസ്സാര ഫൈൻ മാത്രമാണ് ഇപ്പോൾ ഉള്ളതെന്നും ഇത് Cognizable Offence ആക്കാനുള്ള നിയമ ഭേദഗതി പഞ്ചായത്ത് രാജ് ആക്ടിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതായും സെക്രട്ടറി പറഞ്ഞു. തുടർന്ന്, ഗാർഹിക മാലിന്യങ്ങൾ സംസ്ക്കരിക്കാനുള്ള സംവിധാനങ്ങൾ സംബന്ധിച്ച ചർച്ചയിൽ അഞ്ചാറു മാസത്തിനുള്ളിൽ പഞ്ചായത്ത് ഏരിയായിൽ പ്രത്യേക ബിൽഡിംഗ് റൂൾ നിലവിൽ വരുമെന്നും ഇതുവരെ 200 പഞ്ചായത്തുകളിൽ മാത്രമേ ബിൽഡിംഗ് റൂൾ ഉണ്ടായിരുന്നുള്ളുവെന്നും ഈ നിയമം നിലവിൽ വന്നു കഴിയുമ്പോൾ പുഴയിലേക്കോ ജലനിർഗ്ഗമന മാർഗ്ഗങ്ങളിലേയ്ക്കോ ആർക്കും അവരുടെ സ്വീവറേജ് നേരിട്ട് തുറന്നുവിടാൻ പറ്റാത്ത സ്ഥിതി വരുമെന്നും സെക്രട്ടറി അറിയിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

40. പെരിയാറിനു തീരത്തുള്ള അറവുശാലകൾ ആധുനീകരിക്കുകയും അവിടെ നിന്നുള്ള മാലിന്യങ്ങൾ ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും മാലിന്യ സംസ്ക്കരണത്തിനുള്ള സംവിധാനം നിർബന്ധമാക്കുകയും ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

41. പുഴകളിലും തോടുകളിലും മാലിന്യം നിക്ഷേപിക്കുന്നവരെ പിടികൂടി ശിക്ഷിക്കാൻ പറ്റുന്നവിധം പ്രസ്തുത പ്രവർത്തി_congnizable offence _ആക്കാനുള്ള നിയമഭേദഗതി പഞ്ചായത്ത് രാജ്/നഗരപാലിക ആക്ടിൽ കൊണ്ടുവരണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

42. പെരിയാറിന്റെ തീരത്തുള്ള മലിനീകരണ സാദ്ധ്യതയുള്ള വ്യവസായങ്ങൾക്കും ഹോട്ടലുകൾക്കും ആശുപത്രികൾക്കും മറ്റു ബഹുനില കെട്ടിടങ്ങൾക്കും ലൈസൻസ് നൽകുന്നതിനു മുമ്പ് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി നിഷ്കർഷിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

43. പെരിയാറിന്റെ തീരത്തുള്ള നഗരസഭാ/പഞ്ചായത്ത് പ്രദേശങ്ങളിൽ വീടുകളിൽനിന്നും മറ്റു കെട്ടിടങ്ങളിൽനിന്നുമുള്ള മലിനജലവും വിസർജ്ജ്യ വസ്തുക്കളും നദിയിലേക്ക് ഒഴുക്കി വിടുന്നതായുള്ള പരാതികൾ സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മതിയായ രീതിയിലുള്ള ഡ്രെയിനേജ്/സ്വീവറേജ് സംവിധാനമില്ലാത്തതുകൊണ്ടാണെങ്കിൽപ്പോലും ഇപ്രകാരം പുഴയിലേക്ക് തള്ളിവിടുന്ന വിസർജ്ജ്യവസ്തുക്കൾ കുടിവെള്ള സ്രോതസ്സിനെയാണ് മലിനമാക്കുന്നത്. ആയതിനാൽ, വ്യവസായമേഖലയിലും സമീപത്തുമുള്ള പെരിയാർ തീരത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വീടുകളിൽനിന്ന് ഇപ്രകാരം മാലിന്യങ്ങൾ ഒഴുക്കിവിടുന്നത് തടയുന്നതിനും വീടുകളിൽനിന്നും പെരിയാറിലേക്ക് സ്ഥാപിച്ചിരിക്കുന്ന മാലിന്യനിർഗ്ഗമനകുഴലുകൾ കണ്ടെത്തി നീക്കം ചെയ്യുന്നതിനും പെരിയാറിലും അതിന്റെ കൈവഴികളിലും മാലിന്യങ്ങളും കെട്ടിട നിർമ്മാണ അവശിഷ്ടങ്ങളും നിക്ഷേപിക്കുന്നത് തടയുന്നതിനും അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

44. ആലുവ വ്യവസായമേഖലയിലും പരിസരത്തുമുള്ള എല്ലാ പ്രദേശങ്ങളിലും കെട്ടിടങ്ങളും ഫ്ളാറ്റുകളും കൂടിവരികയാണ്. വീടുകളിൽനിന്നും മാർക്കറ്റുകളിൽനിന്നും ഹോട്ടലുകളിൽനിന്നുമുള്ള ഭക്ഷണാവശിഷ്ടം ഉൾപ്പെടെയുള്ള ഖരമാലിന്യങ്ങൾ കടുംബശ്രീ പ്രവർത്തകരുടെയും പഞ്ചായത്ത്/മുൻസിപ്പൽ ശുചീകരണ ജീവനക്കാരുടെയും സഹായത്തോടെ നീക്കം ചെയ്യുന്ന രീതി ഫലപ്രദമാണെങ്കിൽത്തന്നെയും മാലിന്യം സംസ്ക്കരിക്കുന്നതിന് പ്രസ്തുത സ്ഥലവാസികളുടെ എതിർപ്പുമൂലം തടസ്സം വരുന്നതിന് ബ്രഹ്മപുരം, വിളപ്പിൽശാല തുടങ്ങിയ പ്രദേശങ്ങൾ ഉദാഹരണങ്ങളാണ്. ഫ്ളാറ്റുകളിൽപ്പോലും ഭക്ഷണാവശിഷ്ടം ബയോഗ്യാസാക്കി മാറ്റാനുള്ള സാങ്കേതിക വിദ്യ നിലവിലുണ്ട്. പെരിയാറിന്റെ തീരത്തുള്ള പഞ്ചായത്തുകളിലേയും നഗരസഭകളിലേയും എല്ലാ വീടുകളിലും ഇപ്രകാരമുള്ള ബയോഗ്യാസ് സംവിധാനം ഏർപ്പെടുത്തണമെന്ന പ്രചരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തണമെന്നും ഒപ്പം അതിനൊരു മാതൃകയായി പ്രദേശത്തെ എല്ലാ പ്രധാന മാർക്കറ്റുകളിലും ഖരമാലിന്യം സംസ്ക്കരിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്ന ചെറുകിട പ്ലാന്റുകൾ സ്ഥാപിക്കണമെന്നും

ആയതിലേക്കായി സംസ്ഥാന സർക്കാറിന്റെയോ അല്ലെങ്കിൽ ഏതെങ്കിലും പദ്ധതി പ്രകാരം കേന്ദ്രസർക്കാറിന്റേയോ ഫണ്ട് ലഭ്യമാക്കാനുള്ള ശ്രമം നടത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

## റവന്യൂവകുപ്പ്

45. നാവിഗേഷൻ വകുപ്പുമായി ബന്ധപ്പെട്ട് പെരിയാർ നദിയുടെ അടിത്തട്ടിന്റെ അളവ് മനസ്സിലാക്കി മണൽ വാരുന്നതിന് ലൈസൻസ് കൊടുക്കുകയെന്നുള്ളതാണ് റവന്യൂ വകുപ്പിന്റെ അഭിപ്രായമെന്ന് തെളിവെടുപ്പു യോഗത്തിൽ റവന്യൂ വകുപ്പ് ഉദ്യോഗസ്ഥ സമിതിയെ അറിയിച്ചു.

46. അനധികൃത മണൽ വാരലിനെതിരെ ജാഗ്രത പുലർത്തുന്നതിന് രണ്ട് വിധ ത്തിലുള്ള ബുദ്ധിമുട്ടുകളാണ് നേരിടേണ്ടിവരുന്നത്. ഒന്നാമത്തേത് വാഹനങ്ങളുടെ അപര്യാപ്തതയും രണ്ടാമത്തേത് മണൽ മാഫിയായ്ക്കെതിരെ ജാഗ്രത വേണമെന്ന ലാന്റ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ടിൽ ഉദ്യോഗസ്ഥർ നേരിടുന്ന ക്രമസമാധാന പ്രശ്നവുമാണെന്ന് ഉദ്യോഗസ്ഥ അറിയിച്ചു.

47. മണൽവാരൽ തടയുന്നതിന് ബോട്ടുവഴിയുള്ള പട്രോളിങ് ശക്തിപ്പെടുത്തുന്ന തിനും പരുന്തുറാഞ്ചി മണൽപ്പുറത്തിന്റെ സംരക്ഷണത്തിനും മറ്റുമായി മൊത്തം കോ-ഓർഡിനേറ്റ് ചെയ്ത് സ്പെഷ്യൽ തഹസീൽദാരുടെ കീഴിൽ ഒരു ഓഫീസ് തുറക്കാ നുള്ള നിർദ്ദേശമുണ്ടെന്നും സമിതിയിൽ വെളിവാക്കപ്പെട്ടു.

### നിഗമനങ്ങൾ/ശുപാർശകൾ

48. പെരിയാറിൽ നിന്നുമുള്ള മണൽവാരൽ അനിയന്ത്രിതമായി തുടരുകയാ ണെന്നും ഇതുമൂലം നദിയുടെ അടിത്തട്ട് താഴ്ന്നുപോവുകയും ആറ്റിന്റെ തിട്ട കൂടുത ലായി ഇടിഞ്ഞുപോകുകയും ജലനിരപ്പു വളരെയധികം താഴുകയും ചെയ്യുന്നതായും നദി യിലെ സസ്യ-ജന്തു സമ്പത്തിനെയും ഇത് ബാധിക്കുന്നതായും ആയതിനാൽ മലയാറ്റൂർ മുതൽ താഴേക്ക് പെരിയാറിൽ കുറഞ്ഞത് 10 വർഷത്തേക്ക് മണൽഖനനം നിരോധിക്ക ണമെന്ന് സുപ്രീംകോടതി മോണിറ്ററിങ് കമ്മിറ്റി നിയോഗിച്ച ലോക്കൽ ഏര്യാ എൻവയോൺമെന്റൽ കമ്മിറ്റി ശുപാർശ ചെയ്തതായി സമിതി മനസ്സിലാക്കുന്നു. എന്നാൽ ഈ ശുപാർശ സംബന്ധിച്ച് തുടർനടപടിയൊന്നും എടുത്തതായി റിപ്പോർട്ട് ചെയ്തിട്ടില്ല. മേൽ പറഞ്ഞിട്ടുള്ള മണൽവാരൽ നിരോധിക്കുകയാണെങ്കിൽ കെട്ടിട നിർമ്മാണ മേഖലയിലേയും മണൽവാരൽ മേഖലയിലേയും തൊഴിലാളികളേയും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ വരുമാനത്തേയും കുറഞ്ഞ തോതിൽ ബാധിക്കുമെങ്കിലും പ്രസ്തുത നടപടി അടിയന്തിരമായി സ്വീകരിച്ചില്ലെങ്കിൽ, പെരിയാർ ഒരു കുടിവെള്ള സ്രോതസ്സല്ലാതായിത്തീരാൻ വലിയകാലതാമസം വേണ്ടിവരില്ല. ആയതി നാൽ, മേല്പറഞ്ഞ പ്രദേശത്ത് മണൽവാരൽ ഒരു നിശ്ചിതകാലയളവിലേക്ക് നിരോധി ക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

49. പെരിയാറിലെ അനധികൃത മണൽ വാരലിനെതിരെ നിതാന്ത ജാഗ്രത പുലർത്തുവാനായി വാഹനങ്ങളുടെ അപര്യാപ്തത ഉണ്ടാവാതിരിക്കുവാൻ ആവശ്യമായ വാഹനങ്ങൾ റവന്യൂ വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

50. നിരന്തരമായ മണൽവാരൽമൂലം കാലടി ശ്രീശങ്കര പാലത്തിന്റെ ഫൗണ്ടേഷന് കേടു സംഭവിക്കുന്നതിനാൽ അവിടെ മണൽ വാരൽ തടയുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

51. പെരിയാറിന്റെ തീരത്തുള്ള അനധികൃത കൈയേറ്റങ്ങൾ ഒഴിപ്പിച്ച് സോഷ്യൽ ഫോറസ്ട്രിയുമായി യോജിച്ച് അവിടെ മുളയും കണ്ടൽക്കാടുകളും വച്ചു പിടിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

52. പരുന്തുറാഞ്ചി മണൽപ്പുറത്തുള്ള മണൽവാരൽ തടയുന്നതിനായി പെരിയാർ തീരത്തുള്ള പട്രോളിംഗ് ശക്തമാക്കണമെന്നും പരുന്തുറാഞ്ചി മണൽപ്പുറം ടൂറിസ്റ്റ് കേന്ദ്രമാക്കി സംരക്ഷിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

## വ്യവസായ വകുപ്പ്

53. വ്യവസായ മേഖലയ്ക്കുചുറ്റും ഗ്രീൻ ബെൽറ്റ് ഏർപ്പെടുത്തുക എന്ന ഹ്രസ്വകാല പദ്ധതിയാണ് സേവ് പെരിയാർ കർമ്മ പദ്ധതിയുടെ ആശയ വിഭാവനത്തിൽ നിർദ്ദേശിച്ചിരുന്നത്. ഇത് സംബന്ധിച്ച് വ്യവസായ വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ടിൽ, വ്യവസായങ്ങൾക്ക് നൽകുന്ന സ്ഥാപനാനുമതിപത്രത്തിലും പ്രവർത്തനാനുമതിപത്രത്തിലും വ്യവസായ സ്ഥാപനങ്ങൾക്കുചുറ്റും അനുയോജ്യമായ മരങ്ങളും ചെടികളും വച്ചുപിടിപ്പിച്ച് ഗ്രീൻ ബെൽറ്റ് ഉണ്ടാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും ഇടയാർ വ്യവസായ മേഖലയിലെ ഭൂമി വ്യവസായ സംരംഭകർക്ക് പ്ലോട്ട് തിരിച്ച് അനുവദിച്ചിട്ടുള്ളതും ആയത് അവരുടെ കൈവശത്തിലിരിക്കുന്നതുമായതിനാൽ ഓരോ വ്യവസായ സംരംഭകനും തങ്ങൾക്കനുവദിച്ചിട്ടുള്ള ഭൂമിയുടെ അതിർത്തികളിൽ ഗ്രീൻ ബെൽറ്റ് സൃഷ്ടിക്കുന്നതിനുള്ള വൃക്ഷത്തൈകൾ ഇതിനകം തന്നെ നട്ടുപിടിപ്പിച്ചിട്ടുണ്ടെന്നും വ്യവസായ വകുപ്പിന്റെ മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

54. എടയാർ വ്യവസായ മേഖലയിലെ ചെറുകിട വ്യവസായങ്ങളിൽ നിന്നുള്ള പാഴ്ജലം ശുദ്ധീകരിക്കാൻ ഒരു പൊതു പാഴ്ജല ശുദ്ധീകരണ പ്ലാന്റ് 18 മാസത്തിനകം സ്ഥാപിക്കാനുള്ള വ്യവസായികളുടെ ഉദ്യമത്തിനായി സ്ഥലവും സഹായവും നൽകണമെന്ന ആവശ്യത്തിന് ഇടയാറിൽ പൊതുമാലിന്യ സംസ്ക്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനായിട്ടുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി എൻവിറോ കം ലബോറട്ടറീസ് പ്രൈവറ്റ് ലിമിറ്റഡ് തൃശൂർ എന്ന സ്ഥാപനത്തെ തെരഞ്ഞെടുക്കുകയും പ്രാരംഭ ചെലവുകൾക്കായി 2,95,000 രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ടെന്നും ഇതിനായി ഇടയാർ വ്യവസായ വികസന ഏരിയായിൽ ഐ. ആർ. ഇ.യുടെയും കെ. എസ്. ഇ. ബിയുടെയും കൈവശമിരിക്കുന്ന ഭൂമിയിൽ നിന്ന് 2.5 ഏക്കർ സ്ഥലം വിട്ടുകിട്ടുന്നതിനായി എറണാകുളം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ നടപടി സ്വീകരിച്ചു വരുന്നതായും ഈ സംരംഭം പ്രാവർത്തികമാകുന്നതോടുകൂടി വ്യവസായ സ്ഥാപനങ്ങളിൽ നിന്നും മലിനജലം ഒഴുകുന്നത് അവസാനിക്കുമെന്ന് പ്രതീക്ഷിക്കുന്നതായും വ്യവസായ വകുപ്പ് സമിതിയെ അറിയിച്ചു. 250 ലക്ഷത്തോളം രൂപ ചെലവുവരുന്ന പ്ലാന്റ് സ്ഥാപിക്കുന്നതിനായി വ്യവസായ വകുപ്പിൽ നിന്നും നല്കിയിരുന്നതും ഇലക്ട്രിസിറ്റി ബോർഡിന്റെ കൈവശമുള്ളതുമായ അഞ്ചേക്കർ ഭൂമിയിൽ നിന്നും രണ്ടര ഏക്കർ ഭൂമിയെടുത്ത് പ്ലാന്റ് സ്ഥാപിക്കുകയെന്നതാണ് ഉദ്ദേശ്യമെന്ന്

സെക്രട്ടറി തെളിവെടുപ്പുയോഗത്തിൽ വെളിപ്പെടുത്തി. പ്ലാന്റിന്റെ പണിക്കായി ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ ഐ.എ.യു.എസ്. സ്കീമിൽ നിന്ന് കുറച്ച് സബ്സിഡി കിട്ടാൻ സാധ്യതയുണ്ട്. കുറച്ചുതുക സംസ്ഥാന സർക്കാർ കൊടുക്കേണ്ടിവരും. കുറവ്വരുന്ന തുക കെ.എസ്.ഐ.ഡി. സി.യിൽ നിന്നും ലോണെടുത്ത് ചെയ്യാനുള്ള നടപടി സ്വീകരിക്കാമെന്നും സെക്രട്ടറി അറിയിച്ചു. ഈ പ്ലാന്റ് നടത്തിക്കൊണ്ട് പോകുന്നതിനായി ഒരു വർഷം ഒരു കോടി അറുപത് ലക്ഷം രൂപയുടെ ചെലവുണ്ടെന്നും സെക്രട്ടറി അറിയിച്ചു. കോമൺ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പണി ത്വരിതപ്പെടുത്തണമെന്ന് സമിതി ആവശ്യപ്പെട്ടതിന്, 2008-ൽ പണി പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷയെന്ന് സെക്രട്ടറി അറിയിച്ചു.

55. നദിക്കരയിലെ 23 വ്യവസായങ്ങൾക്ക് സീറോ എഫ്ളുവെന്റ് ഡിസ്ചാർജ്ജ് സംവിധാനം രണ്ടുവർഷത്തിനകം ഏർപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും സീറോ എഫ്ളുവെന്റ് ഡിസ്ചാർജ്ജ് സിസ്റ്റം പൂർണ്ണമായും നടപ്പാക്കാൻ ബുദ്ധിമുട്ടുള്ള വ്യവസായശാലകൾക്ക് പാഴ്ജലത്തിന്റെ അളവ് 80% കണ്ട് പ്രസ്തുത കാലയളവിനുള്ളിൽ കുറയ്ക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അവശിഷ്ട വ്യാവസായിക പാഴ്ജലം ശേഖരിച്ച് വേണ്ടത്ര സംസ്ക്കരിച്ച് കുഴൽ മാർഗ്ഗം കടലിൽ എത്തിക്കുവാൻ വിവിധ വകുപ്പുകളുടെയും വ്യവസായശാലകളുടെയും കൂട്ടായ ആലോചനയ്ക്കും തീരുമാനത്തിനും ശേഷം നടപടിയെടുക്കുന്നതാണെന്നും സെക്രട്ടറി അറിയിക്കുകയുണ്ടായി.

56. കേരളത്തിലെ ഏറ്റവും വലിയ വ്യവസായ മേഖലയായ എറണാകുളം ജില്ലയിലെ വ്യവസായശാലകൾ 1950 കളിലും 1960 കളിലും 1970 കളിലും നിലവിൽ വന്നവയാണെന്നും അവയിൽ പലതിനും സ്വന്തമായി സ്ഥലമോ സൗകര്യങ്ങളോ സാമ്പത്തികമായ അടിത്തറയോ ഇല്ലെന്നും അക്കാലത്ത് ഇത്രമാത്രം മലിനീകരണ പ്രശ്നമില്ലാതിരുന്നതിനാൽ ഫാക്ടറി തുടങ്ങുന്നതിനുമുമ്പ് വലിയ നിഷ്കർഷകളൊന്നുമുണ്ടായിരുന്നില്ലെന്നും എന്നാൽ ഇന്നത്തെ സ്ഥിതി അതല്ലെന്നും ഇപ്പോൾ മലിനീകരണ നിയന്ത്രണ ബോർഡിന്റെ നോംസും കൺസെന്റും വാങ്ങിയതിനുശേഷം മാത്രമേ പുതിയ വ്യവസായങ്ങൾ തുടങ്ങാൻ കഴിയുകയുള്ളുവെന്നും സെക്രട്ടറി അറിയിച്ചു. മലിനീകരണ നിയന്ത്രണത്തിനായി പ്രത്യേകിച്ചൊരു സബ്സിഡി കൊടുക്കുന്ന സംവിധാനം ഇപ്പോഴുണ്ട്. കൂടാതെ സാധാരണ സബ്സിഡിക്ക് പുറമേ 25 ലക്ഷം രൂപവരെ അഡീഷണൽ സബ്സിഡി മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനായി നൽകാറുമുണ്ട്. പുതിയ വ്യവസായ നയത്തിൽ ജനറൽ സബ്സിഡി ക്രമേണ ഇല്ലാതാക്കുകയെന്നതാണ് നയം. ആയതിനാൽ, മലിനീകരണ നിയന്ത്രണ സംവിധാനം ഏർപ്പെടുത്തുന്നതിനായി സർക്കാർ വ്യവസായശാലകൾക്ക് നൽകുന്ന സബ്സിഡി നിർത്തലാക്കാതെ, മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്ന വൈദ്യുതി കുറഞ്ഞ നിരക്കിൽ നൽകാൻ റെഗുലേറ്ററി കമ്മീഷനോടും ബോർഡിനോടും ശുപാർശ ചെയ്യണമെന്നും സെക്രട്ടറി അഭ്യർത്ഥിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

57. മലിനീകരണ നിയന്ത്രണ സംവിധാനം പ്രവർത്തിപ്പിക്കുന്നതിനായി സർക്കാർ, വ്യവസായശാലകൾക്ക് ഇപ്പോൾ നൽകിവരുന്ന സബ്സിഡി നിർത്തലാക്കരുതെന്നും പ്രസ്തുത സബ്സിഡി ഇനിതുടങ്ങാൻ പോകുന്ന വ്യവസായശാലകൾക്കും നല്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

58. വ്യവസായശാലകളിലെ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾക്കായി നല്കിവരുന്ന സബ്സിഡിക്കായി ബഡ്ജറ്റിൽ കൂടുതൽ തുക വകയിരുത്താനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

59. വ്യവസായശാലകളിൽ നിന്നുള്ള മലിനീകരണത്തിന്റെ ആധിക്യം കണക്കിലെടുത്ത് ഭാവിയിൽ അതുകൊണ്ട് സംജാതമാകാനിടയുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിന് നിർദ്ദിഷ്ട കോമൺ എഫ്ളുവന്റ് പ്ലാന്റ് ഏലൂർ-ഇടയാർ മേഖലയിൽ സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

60. ആലുവാ മേഖലയിലെ ചില വ്യവസായശാലകളിലെ മലിനീകരണ നിയന്ത്രണ സംവിധാനം, അവ പരിശോധിക്കുന്നതിനായി ഉദ്യോഗസ്ഥൻമാർ എത്തുന്ന സന്ദർഭങ്ങളിൽ മാത്രമാണ് പ്രവർത്തിപ്പിക്കുന്നത്. വ്യവസായശാലകളിലെ മലിനീകരണ നിയന്ത്രണ സംവിധാനങ്ങളുടെ തുടർച്ചയായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിന് ഈ മേഖലയിലെ വ്യവസായശാലകളിലെല്ലാം പ്രത്യേക എനർജി മീറ്റർ സ്ഥാപിക്കണമെന്നും ഇക്കാര്യത്തിനായുള്ള വൈദ്യുതി നിരക്കിൽ ഇളവുനല്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

61. ഏലൂർ-എടയാർ പ്രദേശത്ത് പെരിയാറിന്റെ ഇരുവശങ്ങളിലുമായി സ്ഥിതിചെയ്യുന്ന വ്യവസായമേഖലയ്ക്ക് ചുറ്റും അതാത് വ്യവസായ സ്ഥാപനത്തിന് അനുവദിച്ചിട്ടുള്ള ഭൂമിയുടെ അതിർത്തികളിൽ ഗ്രീൻബൽറ്റ് ഏർപ്പെടുത്തുന്ന നടപടി കാര്യക്ഷമമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**ആരോഗ്യകുടുംബക്ഷേമം**

62. നദിക്കരയിൽ സ്ഥിതി ചെയ്യുന്ന എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെയും സർക്കാർ ആശുപത്രികളിലെയും മാലിന്യങ്ങൾ സംസ്ക്കരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും തദ്ദേശവാസികൾക്ക് മാലിന്യവുമായി ബന്ധപ്പെട്ട് ജലമലിനീകരണംമൂലമുള്ള രോഗങ്ങൾ ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടില്ലെന്നും ആരോഗ്യവകുപ്പ് സമിതിയെ അറിയിക്കുകയുണ്ടായി.

63. പെരിയാറിലെ ജലത്തിൽ ഇ-കോളി ബാക്ടീരിയയുടെ സാന്നിദ്ധ്യം കണ്ടിരിക്കുന്നത് 13 പഞ്ചായത്തുകളുടെ ഭാഗത്താണെന്നും ഇതിന്റെ 5 സാമ്പിളുകളെടുത്ത് രാസപരിശോധനയ്ക്ക് അയച്ചിരിക്കുകയാണെന്നും വയറിളക്ക സാദ്ധ്യതയുള്ളതുകൊണ്ട് 12 മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ ക്യാമ്പുകളും ആ ഭാഗത്ത് നടത്തിയതായും സെക്രട്ടറി തെളിവെടുപ്പുയോഗത്തിൽ അറിയിച്ചു.

64. റൂറൽ സാനിട്ടേഷൻ സ്കീം സംബന്ധിച്ച് താഴെപ്പറയുന്ന കാര്യങ്ങളാണ് സമിതിയെ ബോധിപ്പിച്ചത്. ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ സഹായത്തോടെ കുറെ സ്കീമുകൾ ഇവിടെ കൊണ്ടുവരാൻ ആരോഗ്യ വകുപ്പ് ശ്രമിച്ചിട്ടുണ്ട്. ഓരോ വാർഡിലേയ്ക്കുമായി ഫണ്ട് അലോട്ട് ചെയ്തിട്ടുണ്ടെന്നും ഈ ഫണ്ട് മാർച്ചിലാണ് ലഭിച്ചതെന്നും സെക്രട്ടറി അറിയിച്ചു. കേന്ദ്രത്തിൽ നിന്നും അനുമതി ലഭിച്ച ഒരു കോടിരൂപ ചിക്കുൻഗുനിയ പ്രശ്നമുണ്ടായ ആലപ്പുഴ ജില്ലയിൽ കേന്ദ്രീകരിച്ചിരിക്കുകയാണെന്നും ആരോഗ്യ വകുപ്പിന്റെ ഫണ്ടിൽ നിന്നും അനുമതി ലഭിച്ച കുറച്ചുതുക പത്തനംതിട്ട,

ഇടുക്കി, കൊല്ലം, തിരുവനന്തപുരം തുടങ്ങിയ പ്രശ്നബാധിത സ്ഥലങ്ങളിൽ വാർഡ് ഹെൽത്ത് സാനിട്ടേഷൻ കമ്മിറ്റി മുഖേന കൊടുത്തിട്ടുണ്ടെന്നും തുടർന്ന് പറഞ്ഞു.

65. തദ്ദേശ സ്വയംഭരണവകുപ്പും ആരോഗ്യ വകുപ്പും ഒത്തൊരുമിച്ച് പ്രവർത്തിച്ച് പെരിയാറിലേയ്ക്ക് തുറന്നിരിക്കുന്ന ഡ്രെയിനേജ് ഔട്ട് ലെറ്റ്സ് ഒഴിവാക്കണമെന്നും ഡ്രെയിനേജിനായി പകരം സംവിധാനം ഏർപ്പെടുത്തണമെന്നും ഔട്ട് ലെറ്റ്സ് മാറ്റാനുള്ള നടപടിയിൽ പെരിയാറിന്റെ വശങ്ങളിലുള്ള പഞ്ചായത്തുകളെക്കൂടി ഉൾപ്പെടുത്തണമെന്നും സമിതി ആവശ്യപ്പെട്ടു. ശുദ്ധജല വിതരണത്തിനായുള്ള പഴയ പൈപ്പ് ലൈനുകൾ മാറ്റി പുതിയത് സ്ഥാപിക്കാൻ വാട്ടർ അതോറിറ്റി നടപടിയെടുക്കണമെന്നും സമിതി നിർദ്ദേശിച്ചു. ആയതിന് തുക അലോട്ട് ചെയ്തിരിക്കുന്നത് റൂറൽ സാനിട്ടേഷൻ സ്കീമിലല്ലെന്നും വാർഡ് ഹെൽത്ത് സാനിട്ടേഷൻ കമ്മിറ്റിക്കുവേണ്ടിയാണെന്നും റൂറൽ ഹെൽത്ത് സാനിട്ടേഷൻ റൂറൽ ഡവലപ്മെന്റ് ഡിപ്പാർട്ട്മെന്റിന്റെ സഹായത്തോടുകൂടിയോ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടിയോ വേണം ചെയ്യേണ്ടതെന്നും സെക്രട്ടറി അറിയിച്ചു.

66. പെരിയാറിന്റെ സമീപപ്രദേശങ്ങളിലുള്ള വ്യവസായ മേഖലയിലെ തൊഴിലാളികൾ ഉൾപ്പെടെയുള്ളവരുടെ ആരോഗ്യ സർവ്വേ നടത്തിയിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് ഇതുവരെ പഠനങ്ങൾ ഒന്നും നടത്തിയിട്ടില്ലെന്നും അങ്ങനെ ചെയ്യാവുന്നതാണെന്നും ഹെൽത്ത് സർവ്വീസസ് ഡയറക്ടർ മറുപടി നൽകി.

67. പെരിയാർ മലിനീകരണ നിയന്ത്രണ നിർദ്ദേശങ്ങൾ നടപ്പിലാക്കാനായി ആരോഗ്യ വകുപ്പിൽ നിന്നും എന്തെങ്കിലും നിർദ്ദേശം മലിനീകരണ നിയന്ത്രണബോർഡ് ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന ചോദ്യത്തിന്, നദിക്കരയിലുള്ള സർക്കാർ ആശുപത്രികളിലെ മാലിന്യസംസ്ക്കരണം ഒരു പ്രധാന പ്രശ്നമാണെന്നും ആലുവയിലും മറ്റും ഹോട്ടൽ മാലിന്യവും ആശുപത്രി മാലിന്യവും സംസ്ക്കരിക്കാതെ പെരിയാറിലേക്ക് കൊണ്ടിടുന്ന പതിവുണ്ടെന്നും മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ അറിയിച്ചു. ബയോ മെഡിക്കൽ വേസ്റ്റ് സംസ്ക്കരിക്കുന്നതിന്റെ രീതിയെക്കുറിച്ച് ആരാഞ്ഞപ്പോൾ ആരോഗ്യ വകുപ്പ്, ഐ. എം. എ.യുടെ സൗകര്യങ്ങളുമായി ലിങ്ക് ചെയ്യുന്ന പ്രശ്നം മാത്രമാണ് ഉള്ളതെന്നും ഐ. എം. എ.യിൽ ഒരു ബെഡ്ഡിന് നിശ്ചിത തുക കണക്കാക്കി ഗവൺമെന്റ് കരാർ നിശ്ചയിച്ചിട്ടുണ്ടെന്നും മാലിന്യം തരംതിരിച്ചു വച്ചാൽ അവർ വന്ന് ശേഖരിച്ചുകൊണ്ടുപോകുമെന്നും മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ അറിയിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

68. പെരിയാറിലെ ജലം മലിനമാവുന്തോറും ആ വെള്ളം കുടിയ്ക്കാനും കുളിയ്ക്കാനും ഉപയോഗിക്കുന്ന മനുഷ്യർക്കും കന്നുകാലികൾക്കും ആരോഗ്യപ്രശ്നമുണ്ടാക്കുമെന്ന കാര്യം നിസ്തർക്കമാണ്. വ്യവസായശാലകളിൽ നിന്നും പുറത്തുവിടുന്ന വിഷപ്പുക അന്തരീക്ഷ മലിനീകരണവും മറ്റ് ആരോഗ്യ പ്രശ്നങ്ങളും ഉണ്ടാക്കുന്നതിനു കാരണമാകുന്നുണ്ട്. ഇപ്രകാരമുള്ള പാരിസ്ഥിതിക മലിനീകരണ പ്രശ്നങ്ങൾ പ്രദേശത്തെ ജനങ്ങളുടെ ആരോഗ്യ നിലവാരത്തിൽ സംജാതമാക്കുന്ന പ്രത്യാഘാതങ്ങൾ സംബന്ധിച്ച് വ്യക്തമായ ഒരു പഠനം നടത്തിയതായി യാതൊരു തെളിവും ലഭിച്ചിട്ടില്ല. പരിസ്ഥിതി മലിനീകരണംമൂലം വ്യവസായ മേഖലകളിലും മറ്റുമുണ്ടാകുന്ന ആരോഗ്യ

പ്രശ്നങ്ങളെ ഒറ്റപ്പെട്ട സംഭവമായി കരുതി അവഗണിക്കാതെ അവയെക്കുറിച്ച് സമഗ്രമായ രീതിയിൽ പഠനം നടത്തണമെന്നും മാലിന്യവുമായി ബന്ധപ്പെട്ട് തദ്ദേശവാസികൾക്കുണ്ടാകുന്ന ജലജന്യരോഗങ്ങൾ ഉൾപ്പെടെയുള്ള രോഗങ്ങളെക്കുറിച്ച് സ്ഥിതിവിവരം രേഖപ്പെടുത്തി ആരോഗ്യ വിദഗ്ധന്മാരുമായി ചർച്ച നടത്തുകയും വർഷത്തിലൊരിക്കലെങ്കിലും അപഗ്രഥനം നടത്തി രോഗപ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനും ജനങ്ങളെ ബോധവല്ക്കരിക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

69. പെരിയാറിന്റെ തീരം ഉൾപ്പെടുന്ന പഞ്ചായത്തുകളുമായി സഹകരിച്ച് തദ്ദേശ സ്വയംഭരണ വകുപ്പും ആരോഗ്യവകുപ്പും കൂട്ടായി പ്രവർത്തിച്ച് പെരിയാറിലേയ്ക്കു തുറന്നിരിക്കുന്ന ഡ്രെയിനേജ് ഔട്ട്ലെറ്റുകൾ അടയ്ക്കുന്നതിനു നടപടി സ്വീകരിക്കണമെന്നും പകരം ആരോഗ്യകരമായ ഡ്രയിനേജ് സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

70. പെരിയാറിന്റെ തീരത്തുള്ള വാസസ്ഥലങ്ങളിൽ നിന്നുള്ള വിസർജ്ജ്യവസ്തുക്കൾ നദീ ജലത്തിൽ കലർന്ന് കുടിവെള്ളം മലിനമാകുന്നതും ജലജന്യരോഗങ്ങൾ വരുന്നതും തടയുന്നതിനായി സേവ് പെരിയാർ കർമ്മ പദ്ധതി പൂർത്തിയാക്കുന്നതോടെ പെരിയാറിന്റെ തീരത്തുള്ള എല്ലാ വാസസ്ഥലങ്ങളിലും മതിയായ സാനിട്ടേഷൻ സൗകര്യം ഏർപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

71. ബയോമെഡിക്കൽ മാലിന്യ നിർമ്മാർജ്ജനത്തിനുള്ള സംവിധാനം നിലവിൽ ഇന്ത്യൻ മെഡിക്കൽ അസോസിയേഷനു മാത്രമേയുള്ളൂ എന്നതിനാൽ പെരിയാറിന്റെ തീരത്തുള്ള ആശുപത്രികൾക്ക് പ്രത്യേകിച്ചും ആലുവാ താലൂക്കാശുപത്രിക്കും പരിസരത്തുള്ള മറ്റ് സ്വകാര്യ/സർക്കാർ ആശുപത്രികൾക്കും ബയോമെഡിക്കൽ വേസ്റ്റ് സംസ്കരിക്കുന്നതിനായി ഐ.എം.എ.യുമായി കരാറിൽ ഏർപ്പെട്ട് ബയോമെഡിക്കൽ മാലിന്യ സംസ്ക്കരണത്തിന് ശാശ്വതപരിഹാരം കാണണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**മത്സ്യബന്ധന വകുപ്പ്**

72. ഉൾനാടൻ മത്സ്യസമ്പത്ത് സംരക്ഷിക്കുവാൻ നടപടിയെടുക്കുക, മത്സ്യ/ചെമ്മീൻ കൃഷി സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കുക, നിരോധിക്കപ്പെട്ട മത്സ്യബന്ധന രീതികൾ (വൈദ്യുതി ഉപയോഗിച്ചുള്ള മീൻ പിടിക്കൽ, തോട്ടയെറിഞ്ഞ് മീൻ പിടിക്കുക, അടക്കംകോല്ലി വല ഉപയോഗിച്ചുള്ള മീൻപിടുത്തം, കണ്ടൽക്കാടുകൾ വെട്ടി നശിപ്പിച്ച് മത്സ്യത്തെ പുറത്ത് ചാടിച്ച് മീൻ പിടിക്കുന്നത്) തടയുക എന്നീ കാര്യങ്ങളാണ് ആശയവിഭാവനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

73. മത്സ്യബന്ധനവകുപ്പുമായുള്ള ചർച്ചയിൽ സേവ് പെരിയാർ പദ്ധതി പ്രകാരം മത്സ്യബന്ധന വകുപ്പ് സ്വീകരിക്കേണ്ട നടപടികളുടെ റിപ്പോർട്ട് സമിതിക്ക് കൊടുത്തിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചു.കൂടാതെ സാമൂഹ്യ മത്സ്യകൃഷി പദ്ധതിപ്രകാരം എറണാകുളം ജില്ലയിൽ 120 ലക്ഷം ചെമ്മീൻ കുഞ്ഞുങ്ങളെ ജില്ലയുടെ വിവിധ ഭാഗങ്ങളിലുള്ള ജലാശയങ്ങളിൽ നിക്ഷേപിച്ചിട്ടുള്ളതായും ചെമ്മീൻ കുഞ്ഞുങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ രണ്ടു പി. സി. ആർ. ലാബുകൾ ജില്ലയിൽ പ്രവർത്തിച്ചുവരുന്നതായും സെക്രട്ടറി അറിയിച്ചു. ജില്ലാകളക്ടർ ചെയർമാനായുള്ള പൊക്കാളി വികസന ഏജൻസിയുടെ ആഭിമുഖ്യത്തിൽ ചാത്തനാടുപുഴ മുതലുള്ള പ്രദേശം ഡ്രെഡ്ജ്

ചെയ്യുന്നതിനായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ജില്ലാ പഞ്ചായത്തുകളും ഫിഷറീസ് വകുപ്പും സംയുക്തമായുള്ള ഒരു ബൃഹത് പദ്ധതി ആവിഷ്ക്കരിച്ചിട്ടു ണ്ടെന്നും ചെമ്മീൻ കൃഷി വ്യാപകമായ പ്രദേശങ്ങളിലെ കർഷകർക്ക് അഡാക്കിന്റെ എസ്. എസ്. എ. ഡി. പി. പദ്ധതിപ്രകാരം ബണ്ട് റിപ്പയർ, സ്ല്യൂയിസ് ഗേറ്റ്, കാവൽപ്പുര, തീറ്റ, വിത്ത് എന്നീ ഇനങ്ങൾക്കായി 20 ശതമാനം ഗ്രാന്റ്-ഇൻ-എയിഡ് ആയി നൽകിവരുന്നതായും സെക്രട്ടറി അറിയിച്ചു.

74. നിരോധിക്കപ്പെട്ട മത്സ്യബന്ധന രീതികൾ കർശനമായി തടയുന്നതിന് ബാക്ക് വാട്ടർ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ എറണാകുളം ജില്ലയിൽ പ്രത്യേക പട്രോളിംഗ് യൂണിറ്റ് രൂപീകരിച്ച് നടപടിയെടുത്തു വരുന്നതായും 1950-ലെ ട്രാവൻകൂർ കൊച്ചിൻ ഫിഷറീസ് ആക്ടനുസരിച്ച് നിരോധിക്കപ്പെട്ട മത്സ്യബന്ധന രീതികൾ അവലംബിക്കുന്ന വർക്ക് 100 രൂപയും രാസമലിനീകരണംമൂലം മത്സ്യം ചാകുന്നതിന് ഇടയാക്കുന്നവർക്ക് 200 രൂപയും പെനാൽറ്റി നൽകുവാൻ കഴിയുമെന്നും ഉൾനാടൻ മത്സ്യ സമ്പത്ത് സംരക്ഷിക്കുന്നതിന് നിലവിലുള്ള ഇൻലാന്റ് ഫിഷറീസ് ബിൽ കാലോചിതമായി പരിഷ്ക്കരിക്കേണ്ടതുണ്ടെന്നും മത്സ്യബന്ധന വകുപ്പ് സെക്രട്ടറി അറിയിച്ചു. പെരിയാ റിലെ മത്സ്യങ്ങൾ ചത്തുപൊങ്ങിയ വാർത്ത പല പ്രാവശ്യം പത്രങ്ങളിൽ വന്നിട്ടു ണ്ടെന്നും അതിന്റെ യഥാർത്ഥ കാരണം അറിയാൻ മത്സ്യബന്ധന വകുപ്പ് പഠനം നടത്തിയിട്ടുണ്ടോയെന്നും ഇങ്ങനെ സംഭവിച്ചത് നദീജലത്തിലെ മലിനീകരണം കൊണ്ടാണോ അതോ നദിക്കകത്തെ കുഴപ്പം കൊണ്ടാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ യെന്നും അപ്രകാരമുള്ള പഠനം നടത്താനുള്ള ഉത്തരവാദിത്വം വകുപ്പിനില്ലേയെന്നും സമിതി ആരാഞ്ഞു. ആയതിന്, അന്വേഷണമൊക്കെ നടത്തിയിട്ടുണ്ടെന്നും ഇത്തരം സന്ദർഭങ്ങളിൽ മലിനീകരണ നിയന്ത്രണ ബോർഡിന് നിർദ്ദേശം നൽകാറുണ്ടെന്നും സെക്രട്ടറി അറിയിച്ചു. അടുത്തകാലത്ത്, പരിശോധനയ്ക്കായി സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷിംഗ് ടെക്നോളജിയിൽ സാമ്പിൾ അയച്ചിട്ടുണ്ടെന്ന് മലിനീകരണ നിയന്ത്രണബോർഡ് ചെയർമാൻ അറിയിച്ചു.

75. പെരിയാറിൽ മത്സ്യങ്ങൾ ചത്തത് വിഷാംശം കൊണ്ടല്ല, പ്രാണവായു കിട്ടാ ത്തതുകൊണ്ടാണെന്നാണ് മലിനീകരണ നിയന്ത്രണ ബോർഡ് ലഭ്യമാക്കിയ റിപ്പോർട്ടിൽ പറയുന്നത്. മത്സ്യം ചത്തുപൊങ്ങുന്നുവെന്ന് പറയുന്നത് വളരെ ഗുരുതരമായ പരിസ്ഥിതി പ്രശ്നമാണെന്നും ആയതിനാൽ, മത്സ്യമടക്കമുള്ള ജലജീവികൾ നില നിൽക്കുന്നുണ്ടോയെന്നത് പരിശോധനയ്ക്ക് വിധേയമാക്കണമെന്നും ആവശ്യമെങ്കിൽ ഫിഷറീസുമായി ബന്ധപ്പെട്ട് കൊച്ചിയിലുള്ള ഇൻസ്റ്റിറ്റ്യൂട്ടുകളുടെ സഹായം തേടണ മെന്നും സമിതി അഭിപ്രായപ്പെടുകയും അപ്രകാരമുള്ള പഠനം നടത്താമെന്ന് സെക്രട്ടറി യോഗത്തിൽ സമ്മതിക്കുകയും ചെയ്തു

**ശുപാർശകൾ**

76. പെരിയാറിലെ മത്സ്യ സമ്പത്ത് കുറയുന്നുവെന്നും ചത്തുപൊങ്ങുന്നുവെന്നും പരാതിയുണ്ടെങ്കിലും ഇത് സംബന്ധിച്ച് മത്സ്യബന്ധനവകുപ്പ് വ്യക്തമായ ഒരു പഠനം നാളിതുവരെ നടത്തിയിട്ടില്ല. ആയതിനാൽ, കൊച്ചി സർവ്വകലാശാലയുടെ കീഴിലും കേന്ദ്ര സർക്കാരിന്റെ കീഴിലും പ്രവർത്തിച്ചുവരുന്ന കേരളത്തിലെ ഫിഷറീസ് ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് വിശദമായ പഠനം നടത്തണമെന്നും അടിയന്തിരമായി പരിഹാര നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

77. കേരളത്തിലെ മറ്റ് നദികളിലേതുപോലെ പെരിയാറിലും തോട്ട പൊട്ടിച്ചും രാസവസ്തുക്കൾ കലക്കിയും മീൻപിടുത്തം നടത്താറുണ്ട്. അനുദിനം ജലസമ്പത്ത് കുറഞ്ഞുവരുന്ന കുടിവെള്ള സ്രോതസ്സിനെ നശിപ്പിക്കുന്ന ഈ പ്രവണത ഇല്ലാതാക്കുന്നതിനും ഇങ്ങനെ ചെയ്യുന്നവരെ നിയമത്തിനു മുന്നിൽ കൊണ്ടുവരുന്നതിനും മത്സ്യ ബന്ധന വകുപ്പ് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

78. പെരിയാറിലെ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിന് മത്സ്യ സാങ്ചറികൾ തുടങ്ങുന്നതിനുള്ള ഒരു പദ്ധതി തയ്യാറാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## കൃഷി വകുപ്പ്

79. കീടനാശിനികൾ, വളം എന്നിവയുടെ പ്രയോഗം ശാസ്ത്രീയമായി നടത്തുവാൻ വേണ്ട മാർഗ്ഗനിർദ്ദേശം കർഷകർക്കിടയിൽ പ്രചരിപ്പിക്കുന്നുണ്ടെന്നും ജൈവ കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിക്കാനായി വകുപ്പ് നടപ്പിലാക്കിവരുന്ന സംയോജിത കീടനിയന്ത്രണ പദ്ധതിപ്രകാരം കർഷകർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും കൃഷി വകുപ്പ് അറിയിച്ചിട്ടുണ്ട്.

80. അന്യ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന കീടനാശിനികളുടെയും വളത്തിന്റെയും കൃത്യമായ കണക്കും പെരിയാർ നദീതടത്തിൽ അവ ഉപയോഗിക്കുന്നത് സംബന്ധിച്ച കൃത്യമായ കണക്കും ശേഖരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നതായി വകുപ്പ് അറിയിച്ചു.

81. വരാപ്പുഴ പഞ്ചായത്തിലെ പൊക്കാളി കൃഷി സംരക്ഷിക്കുന്നതിന് പൊക്കാളിപ്പാടങ്ങളിൽ യഥാസമയം കൃഷിയിറക്കാൻ നടപടി സ്വീകരിച്ചു വരുന്നതായി വകുപ്പ് അറിയിച്ചിട്ടുണ്ട്.

82. പെരിയാർ മലിനീകരണ നിയന്ത്രണം സംബന്ധിച്ച നിർദ്ദേശത്തിന്മേൽ കൃഷി വകുപ്പ് സ്വീകരിച്ച നടപടികൾ സെക്രട്ടറി തെളിവെടുപ്പുയോഗത്തിൽ വിശദീകരിച്ചു. കീടനാശിനികൾ, വളം എന്നിവയുടെ ശാസ്ത്രീയ ഉപയോഗത്തെക്കുറിച്ചും രാസ/കീട/കുമിൾ നാശിനികളുടെ അനിയന്ത്രിതമായ പ്രയോഗംമൂലമുണ്ടായേക്കാവുന്ന ഭവിഷ്യത്തുകളെക്കുറിച്ചും കർഷകരെ ബോധവാന്മാരാക്കുവാൻ അഗ്രോ ക്ലിനിക്കുകൾ, കർഷക ഗ്രൂപ്പ് യോഗങ്ങൾ, പരിശീലന പരിപാടികൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കാറുണ്ടെന്നും അന്യ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന കീടനാശിനികളുടെയും വളത്തിന്റെയും ഉപയോഗത്തെക്കുറിച്ചുള്ള കൃത്യമായ വിവരങ്ങൾ ശേഖരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും ജൈവകൃഷി പ്രോത്സാഹിപ്പിക്കൽ എന്ന പ്രത്യേക പദ്ധതി നടപ്പിലാക്കിവരുന്നതായും അദ്ദേഹം സമിതിയെ അറിയിച്ചു.

83. എലൂർ-എടയാർ മേഖലകളിൽ വ്യാവസായിക മലിനീകരണം കൊണ്ട് വർഷങ്ങളായി കൃഷി ചെയ്യാതെ കിടക്കുന്ന സ്ഥലങ്ങൾ കൃഷിയോഗ്യമാക്കി മാറ്റാനുള്ള പദ്ധതികളെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് അത് സംബന്ധിച്ച് നടപടിയെടുക്കാമെന്ന് സെക്രട്ടറി അറിയിച്ചു. പൊക്കാളി കൃഷി വികസിപ്പിക്കുന്നതിനും ആലുവ, വരാപ്പുഴ പ്രദേശത്ത് കൃഷിയിറക്കുന്നതിനും പ്രോത്സാഹനം നൽകണമെന്ന് സമിതി ആവശ്യപ്പെട്ടു.

84. മലിനീകരണം കൊണ്ട് കൃഷിനാശമുണ്ടായിട്ടുണ്ടോയെന്നും തന്മൂലം കൃഷിയിറക്കുന്നത് നിർത്തി വയ്ക്കുന്നുണ്ടോയെന്നും പെരിയാർ ഏരിയായിലെ പൊക്കാളികൃഷി എത്രമാത്രം നിറുത്തിവച്ചിട്ടുണ്ട് എന്നത് സംബന്ധിച്ചും അത് എങ്ങനെ തിരിച്ചു കൊണ്ടുവരാൻ കഴിയുമെന്നതിനെക്കുറിച്ചും പഠനം നടത്തണമെന്നും സേവ് പെരിയാർ എന്ന ആശയം നടപ്പിലാവുമ്പോൾ അത് സംബന്ധിച്ച് കൃഷി വകുപ്പിന് ഒരു വ്യക്തമായ സ്കീം വേണമെന്നും പെരിയാർ മേഖലയിലെ കൃഷി എങ്ങനെ വീണ്ടെടുക്കാൻ കഴിയുമെന്നതും അതിൽ ഉൾപ്പെടുത്തണമെന്നും സമിതി അഭിപ്രായപ്പെട്ടു.

**ശുപാർശകൾ**

85. ഏലൂർ-എടയാർ മേഖലകളിൽ വ്യാവസായിക മലിനീകരണം കൊണ്ട് വർഷങ്ങളായി കൃഷി ചെയ്യാതെ നശിച്ചു കിടക്കുന്ന ഭൂമി കൃഷിയോഗ്യമാക്കി മാറ്റാനുള്ള പദ്ധതി തയ്യാറാക്കി അതിന്മേൽ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

86. മലിനീകരണ വിപത്തുമൂലം മുടങ്ങിക്കിടക്കുന്ന പെരിയാർ ഏരിയായിലെ പൊക്കാളികൃഷി പുനഃരുജ്ജീവിപ്പിക്കുന്നതിനായി അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

87. പെരിയാർ തടത്തിൽ ജൈവകൃഷിക്ക് കൂടുതൽ പ്രാധാന്യം കൊടുക്കണമെന്നും മലിനീകരണമുണ്ടാക്കുന്ന രാസ/കീടനാശിനികളുടെ ഉപയോഗം കഴിയുന്നതും കുറയ്ക്കുന്നതിനായി കർഷകർക്കിടയിൽ ബോധവൽക്കരണ പരിപാടികൾ ഊർജ്ജിതമായി സംഘടിപ്പിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

88. വ്യവസായശാലകളിൽ നിന്നുള്ള രാസമാലിന്യങ്ങൾ കലർന്നതുമൂലം ഏലൂർ-എടയാർ വ്യവസായ മേഖലയിലെയും പരിസര പ്രദേശങ്ങളിലെയും മണ്ണിന്റെ രാസഘടനതന്നെ മാറിപ്പോകുന്നതായി അനുമാനിക്കേണ്ടിയിരിക്കുന്നു. കൃഷിവകുപ്പിന്റെ കീഴിലുള്ള മണ്ണുപരിശോധനാ വിഭാഗം ഇത് സംബന്ധിച്ച് പഠനം നടത്തി അടിയന്തിര പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തി മണ്ണ് സംരക്ഷിക്കണമെന്നും കൃഷിക്ക് ഉപയുക്തമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

## വനവും വന്യജീവിയും വകുപ്പ്

89. കണ്ടൽകാടുകൾ സംരക്ഷിച്ചു നിലനിറുത്തുക, നദിയുടെ വൃഷ്ടി പ്രദേശങ്ങളിൽ തീ പിടുത്തം നിമിത്തം വനനശീകരണം ഉണ്ടാകുന്നത് തടയാൻ നടപടിയെടുക്കുക, പെരിയാർ നദിക്കരയുൾപ്പെടെയുള്ള വൃഷ്ടിപ്രദേശത്ത് വനനശീകരണം തടയുക, പെരിയാറിന്റെ തീരം ഉൾപ്പെടെയുള്ള വൃഷ്ടിപ്രദേശം വനവൽക്കരിക്കുക എന്നിവയാണ് സേവ് പെരിയാർ ആശയ വിഭാവനത്തിൽ വനം വകുപ്പ് ചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ളതായ കാര്യങ്ങൾ.

90. കണ്ടൽക്കാടുകൾ സംരക്ഷിക്കാൻ സാമൂഹിക വനവൽക്കരണ വിഭാഗം പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്നും പെരിയാർ നദി കടന്നുപോകുന്ന ഭാഗങ്ങളിൽ കാട്ടുതീമൂലമുള്ള വനനശീകരണം തടയുന്നതിന് ഫയർ ലൈൻ തെളിക്കുകയും ഫയർ വാച്ചർമാരെ നിയമിക്കുകയും ചെയ്തുവരുന്നതായും പെരിയാറിന്റെ വൃഷ്ടിപ്രദേശത്തെ വനനശീകരണം പൊതുജനങ്ങളുടെയും വന സംരക്ഷണ സമിതിയുടെയും

സഹകരണത്തോടെയും വന സംരക്ഷണ ഉദ്യോഗസ്ഥർ മുഖേനയും തടയുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നതായും വനം വകുപ്പ് അറിയിച്ചിട്ടുണ്ട്. പെരിയാറിന്റെ തീരത്തുള്ള ശേഷിച്ച വനപ്രദേശങ്ങൾ നാഷണൽ അഫോറസ്റ്റേഷൻ പ്രോഗ്രാമിൽപ്പെടുത്തി ഫോറസ്റ്റ് ഡവലപ്മെന്റ് ഏജൻസി മുഖേന വനവൽക്കരിക്കുന്നതാണെന്നും ഇടുക്കി റിസർവോയർ, പെരിയാർ കടന്ന് വരുന്ന തട്ടേക്കാട് പക്ഷി സങ്കേതം എന്നിവിടങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് കർശനമായി വിലക്കിയിട്ടുണ്ടെന്നും വനം വകുപ്പിന്റെ മറുപടിയിൽ പറഞ്ഞിട്ടുണ്ട്.

91. പെരിയാർ നദി മൂന്നാർ ഡിവിഷനിൽ 24 കിലോമീറ്ററും മലയാറ്റൂർ ഡിവിഷനിൽ 30 കിലോമീറ്ററും കോട്ടയം ഡിവിഷനിൽ 10 കിലോമീറ്ററും വനമേഖലയിൽകൂടി ഒഴുകുന്നതിനാൽ വനത്തിന് ചുറ്റുപാടും ജീവിക്കുന്ന ജനങ്ങൾക്ക് വനസംരക്ഷണത്തിന് പ്രത്യേക താൽപ്പര്യം ഉണ്ടാകുന്നതരത്തിലുള്ള തൊഴിലവസരങ്ങൾ നല്കി കുടുംബശ്രീയുടെ മോഡലിൽ ഒരു ഗ്രൂപ്പുപോലെ പ്രവർത്തിക്കാനും അതിന്റെ മുകളിൽ ഒരു ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസി എന്ന രീതിയിൽ പ്രവർത്തിക്കാനുമായിട്ട് ഉദ്ദേശിക്കുന്നതായും മണൽ വാരൽ, വനപ്രദേശങ്ങളിലും വ്യാപിച്ചു കഴിഞ്ഞിരിക്കുന്നതിനാൽ പുഴകൾവഴി മണൽ കടത്തുന്നത് തടയുന്നതിനുള്ള പ്രതിരോധ നടപടികൾ സ്വീകരിച്ചുവരികയാണെന്നും പെരിയാറിന്റെ വൃഷ്ടി പ്രദേശങ്ങളിലും നീർമറി പ്രദേശങ്ങളിലുമുള്ള വനങ്ങൾ വളരെ പ്രാധാന്യം അർഹിക്കുന്നതിനാൽ വനനശീകരണംമൂലം വനപ്രദേശത്തിനുണ്ടായ കുറവ് പരിഹരിക്കുന്നതിനായി "നാഷണൽ അഫോറസ്റ്റേഷൻ പ്രോഗ്രാം" അനുസരിച്ച് വനം വച്ചു പിടിപ്പിക്കൽ ഊർജ്ജിതമായി നടപ്പാക്കേണ്ടതുണ്ടെന്നും വനംവകുപ്പ് സെക്രട്ടറി തെളിവെടുപ്പുയോഗത്തിൽ അറിയിച്ചു.

92. വൃഷ്ടിപ്രദേശത്തുള്ള വനത്തിന്റെ അഭിവൃദ്ധി നിരീക്ഷിക്കുന്നതിനായി ചീഫ് സെക്രട്ടറി ചെയർമാനായുള്ള ഒരു കമ്മിറ്റി ഇപ്പോൾതന്നെ പ്രവർത്തിക്കുന്നുണ്ടെന്നും തൈകൾ നടാൻ പോകുന്ന സമയത്തുതന്നെ നിയമവിരുദ്ധമായ എന്തെങ്കിലും പ്രവർത്തനം നടക്കുന്നുവെങ്കിൽ കണ്ടുപിടിക്കുവാൻ സാധിക്കുന്നുണ്ടെന്നും വൃഷ്ടിപ്രദേശത്തെ വനത്തിന്റെ അഭിവൃദ്ധി പരിശോധിക്കുന്നതിന് സംവിധാനം ഏർപ്പെടുത്താനാകുമോയെന്ന സമിതിയുടെ ചോദ്യത്തിന് തീർച്ചയായും സാധിക്കുമെന്നും വനസംരക്ഷണ സമിതികളെ ഉപയോഗിക്കുന്നതു കൊണ്ടുതന്നെ ഈ സ്കീമിന് മറ്റ് പല സ്കീമുകളേക്കാൾ വളരെ പുരോഗതിയുണ്ടെന്നാണ് ഇതുവരെയുള്ള അനുഭവമെന്നും സെക്രട്ടറി മറുപടി നൽകി.

93. നദിയുടെ കരയിൽ നിന്ന് മണ്ണ് വെട്ടിയെടുക്കുന്നതിന്റെ ദോഷവും പെരിയാറിലേക്ക് പെട്ടെന്നുള്ള കടന്നുകയറ്റവും മണ്ണൊലിപ്പും തടയുന്നതിനായി പെരിയാറിന്റെ ഇരുവശത്തും ജലലഭ്യതയ്ക്കു സഹായിക്കുന്നതും പെട്ടെന്നുവളരുന്ന ഇനത്തിലുള്ളതുമായ മുളന്തൈകൾ മഴക്കാലത്തും, മുള വളരാത്ത സ്ഥലങ്ങളിൽ മണ്ണിന്റെ പ്രത്യേകതയനുസരിച്ച് കണ്ടൽക്കാടുകളും വച്ചു പിടിപ്പിക്കാവുന്നതാണെന്നും സെക്രട്ടറി അറിയിച്ചു. നിർദ്ധന കുടുംബങ്ങളിലുള്ള സ്ത്രീകൾക്ക് നൂറോ ഇരുന്നൂറോ മുളയോ ചൂളമരതൈകളോ വയ്ക്കാനുള്ളവൃക്ഷപ്പട്ടയം നൽകുകയും അതിൽ നിന്നുള്ള വരുമാനം എടുക്കുവാൻ അവകാശം കൊടുക്കുകയും ചെയ്താൽ മുള വച്ചു പിടിപ്പിക്കൽ സംരംഭം വിജയിപ്പിക്കാൻ സാധിക്കുമെന്നും സെക്രട്ടറി തുടർന്നറിയിച്ചു.

94. പെരിയാർ പ്ലാനിന്റെ ഭാഗമായി ഓരോ ഏരിയായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏല്പിച്ച് പദ്ധതി ആസൂത്രണം ചെയ്താൽ വനവൽക്കരണ പരിപാടി വിജയിപ്പിക്കുവാൻ സാധിക്കുകയില്ലേയെന്ന സമിതിയുടെ ചോദ്യത്തിന് തീർച്ചയായും സാധിക്കും എന്ന മറുപടി സെക്രട്ടറി നൽകി. പെരിയാറിന്റെ ഇരുകരയിലുമുള്ള പ്രദേശങ്ങൾക്ക് കൂടുതൽ ശ്രദ്ധ നൽകാനായി സോഷ്യൽ ഫോറസ്ട്രി ചീഫ് കൺസർവേറ്റർ കൊച്ചിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും എന്നാൽ ഇക്കാര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പൂർണ്ണമായ പിന്തുണ ലഭിക്കുന്നില്ലെന്നും അദ്ദേഹമറിയിച്ചു. തൈകൾ വച്ചശേഷം അവയുടെ തുടർസംരക്ഷണത്തിനായി പഞ്ചായത്തുകൾക്ക് ഒരു ചെറിയ ഗ്രാന്റ് കൊടുക്കാനുള്ള സംവിധാനമുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് അവർ ആവശ്യപ്പെടുകയാണെങ്കിൽ വനംവകുപ്പ് സാങ്കേതിക സഹായവും പ്രോജക്ട് റിപ്പോർട്ടുമൊക്കെ തയ്യാറാക്കി കൊടുക്കാമെന്നും അതിലുപരി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ധനസഹായം കൊടുക്കാൻ സാദ്ധ്യമല്ലെന്നും സെക്രട്ടറി അറിയിച്ചു.

95. പെരിയാറിന്റെ കരയിൽ പ്രവർത്തിക്കുന്ന വ്യവസായശാലകളെക്കൊണ്ട് അവയോട് ചേർന്നുള്ള നദീതീരത്ത് വൃക്ഷത്തൈകൾ വയ്ക്കുന്നത് സ്പോൺസർ ചെയ്യിയ്ക്കുന്നതിനുള്ള സംവിധാനമുണ്ടായാൽ ഒരു ഗ്രീൻ ബെൽറ്റ് ഉണ്ടാക്കുന്നതിന് കഴിയുമെന്ന് സെക്രട്ടറി അഭിപ്രായപ്പെട്ടു.

**നിഗമനങ്ങൾ/ശുപാർശകൾ**

96. പെരിയാർ നദി മൂന്നാർ ഡിവിഷനിൽ 24 കിലോമീറ്ററും മലയാറ്റൂർ ഡിവിഷനിൽ 30 കിലോമീറ്ററും കോട്ടയം ഡിവിഷനിൽ 10 കിലോമീറ്ററും വനമേഖലയിൽ കൂടി ഒഴുകുന്നതിനാൽ, വനത്തിന് ചുറ്റുപാടും ജീവിക്കുന്ന ജനങ്ങൾക്ക് വനസംരക്ഷണത്തിന് ഒരു പ്രത്യേക താൽപ്പര്യം ഉണ്ടാകുന്ന തരത്തിൽ തൊഴിലവസരങ്ങൾ നല്കി ഒരു ഫോറസ്റ്റ് ഡവലപ്മെന്റ് ഏജൻസി രൂപീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

97. മണൽ വാരൽ വന പ്രദേശങ്ങളിലും വ്യാപിച്ചു കഴിഞ്ഞിരിക്കുന്നതിനാൽ പെരിയാറിലൂടെയും അതിന്റെ ശാഖകളിലൂടെയും അനധികൃതമായി മണൽ കടത്തുന്നതിനുള്ള എല്ലാ പഴുതുകളും അടയ്ക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

98. പെരിയാറിന്റെ വൃഷ്ടി പ്രദേശങ്ങളിലും നീർമറി പ്രദേശങ്ങളിലും വനനശീകരണം നടന്നിട്ടുള്ളതിനാൽ ആ കുറവ് പരിഹരിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റ് സഹായത്തോടെയുള്ള നാഷണൽ അഫോറസ്റ്റേഷൻ പ്രോഗ്രാം അനുസരിച്ച് വനം വച്ചു പിടിപ്പിക്കൽ ഊർജ്ജിതമായി നടപ്പാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

99. മണ്ണൊലിപ്പ് തടയുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് സോഷ്യൽ ഫോറസ്ട്രിയുടെ ആഭിമുഖ്യത്തിൽ പെരിയാറിന്റെ ഇരുവശത്തും ജലലഭ്യതയ്ക്ക് സഹായിക്കുന്നതും പെട്ടെന്ന് വളരുന്ന തരത്തിലുമുള്ള മുളന്തൈകൾ മഴക്കാലത്ത് വച്ചുപിടിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ മണ്ണിന്റെ പ്രത്യേകതയനുസരിച്ച്, മുള വളരാത്ത സ്ഥലങ്ങളിൽ കണ്ടൽക്കാടുകൾ വച്ചു പിടിപ്പിക്കണമെന്നും അങ്ങനെ പെരിയാറിലേക്ക് പെട്ടെന്നുള്ള കടന്നുകയറ്റവും, മണ്ണൊലിപ്പും തടയണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

100. പെരിയാറിന്റെ കരയിൽ പ്രവർത്തിക്കുന്ന വ്യവസായശാലകളെക്കൊണ്ട് അവയ്ക്ക് സമീപമുള്ള നദീതീരത്ത് വൃക്ഷത്തൈകൾ വയ്ക്കുന്നതും അത് പരിപാലിക്കുന്നതും സ്പോൺസർ ചെയ്യിക്കുന്നതിനുള്ള ഒരു പദ്ധതി അടിയന്തിരമായി നടപ്പിലാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**ആഭ്യന്തര വകുപ്പ്**

101. മാലിന്യങ്ങൾ പുറമേ നിന്ന് ടാങ്കറുകളിലും ലോറികളിലും മറ്റും കൊണ്ടുവന്ന് നദിയിലേയ്ക്ക് തള്ളുന്നത് തടയുക, വാഹനങ്ങൾ നദിയിൽ കഴുകുന്നത് തടയുക, അനധികൃത മണൽ വാരൽ, നദീതീര കൈയ്യേറ്റം തുടങ്ങിയവ നിയന്ത്രിക്കാൻ വിവിധ വകുപ്പുകൾ നടത്തുന്ന പ്രവർത്തനങ്ങൾക്ക് സംരക്ഷണം നൽകുക, എന്നിവയാണ് ആഭ്യന്തര വകുപ്പ് ചെയ്യേണ്ടതായി സേവ് പെരിയാർ ആശയ വിഭാവനത്തിൽ പരാമർശിച്ചിട്ടുള്ളത്.

102. മാലിന്യങ്ങൾ നദിയിലേക്ക് തള്ളുന്നത് തടയുന്നതിനുവേണ്ടി നടപടികൾ സ്വീകരിക്കേണ്ടത് മലിനീകരണ നിയന്ത്രണ ബോർഡ് ആണെന്നും എന്നാൽ ഇത് നടപ്പിൽ വരുത്തുന്നതിന് ഏത് അധികൃതർ സഹായം ആവശ്യപ്പെട്ടാലും അത് നൽകുവാൻ പോലീസ് സർവ്വാത്മന സന്നദ്ധമാണെന്നും ആഭ്യന്തര വകുപ്പ് സെക്രട്ടറി സമിതിയെ രേഖാമൂലം അറിയിച്ചു. കൂടാതെ, പെരിയാറിലെ അനധികൃത മണൽ വാരൽ തടയുന്നതിനായി ബന്ധപ്പെട്ട അധികാരികൾ ആവശ്യപ്പെടുന്ന മുറയ്ക്ക് പോലീസ് സഹായം എത്തിക്കുന്നതിനുവേണ്ടി എറണാകുളം റൂറൽ ജില്ലാ പോലീസ് സൂപ്രണ്ടിന് ഡി. ജി. പി. നിർദ്ദേശം നൽകിയിട്ടുണ്ടെന്നും കേരളത്തിൽ പൊതുവായി മണൽ വാരലിൽ കർശന നിയന്ത്രണം ഏർപ്പെടുത്തുന്നതിനായി മണൽവാരൽ നിയന്ത്രണങ്ങളും ചട്ടങ്ങളും അനുസരിച്ച് ജില്ലകൾ തോറും തെരഞ്ഞെടുത്ത തഹസിൽദാർമാരുടെ മേൽനോട്ടത്തിൽ റവന്യൂ-പോലീസ് ഉദ്യോഗസ്ഥന്മാരടങ്ങുന്ന രണ്ടോ മൂന്നോ സ്ക്വാഡുകൾ രൂപീകരിക്കുവാൻ സർക്കാർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽ നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട പോലീസുദ്യോഗസ്ഥന്മാർക്ക് ഡി.ജി.പി. നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു.

103. പെരിയാറിലെ മാലിന്യം ഇല്ലാതാക്കാനുള്ള എല്ലാവിധ സഹായങ്ങളും തന്റെ വകുപ്പിന്റെ ഭാഗത്തുനിന്നും മറ്റു വകുപ്പുകൾക്ക് ലഭ്യമാക്കിയിട്ടുണ്ടെന്നും ഇക്കാര്യത്തിൽ പോലീസിന്റെ സംരക്ഷണം എവിടെയൊക്കെ ആവശ്യമാണോ അവിടെയൊക്കെ അത് നൽകാമെന്നും ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി തെളിവെടുപ്പു യോഗത്തിൽ അറിയിച്ചു.

104. മണൽ വാരൽ തടയുന്നതിന് റവന്യൂ വകുപ്പ് ജില്ലാടിസ്ഥാനത്തിൽ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ടെന്നും അതുപോലെ തൽസംബന്ധമായ കേസ്സുകൾ പോലീസ് എടുക്കുന്നുണ്ടെന്നും. ലോറികളിൽ കൊണ്ടുവരുന്ന മാലിന്യം നദിയിലൊഴുക്കുന്നത് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്ക് നിയമേനഅന്വേഷണം നടത്താവുന്നതാണെങ്കിൽ അപ്രകാരം കേസ്സെടുക്കാൻ കഴിയുമെന്നും അദ്ദേഹമറിയിച്ചു.

105. മഴക്കാലം വന്നതോടുകൂടി ധാരാളം മാലിന്യങ്ങൾ പെരിയാറിൽ വന്നടിയുകയാണെന്നും കുടിവെള്ളത്തിന്റെ ഏറ്റവും വലിയ സ്രോതസ്സായ പെരിയാറിൽ ജലം പമ്പ്

ചെയ്യുന്ന സ്ഥലത്ത് എപ്പോൾ വേണമെങ്കിലും മലിനീകരണം ഉണ്ടാകാൻ സാദ്ധ്യതയുണ്ടെന്നും ജലത്തിലെ വിഷാംശംമൂലം പെരിയാറിലെ മത്സ്യസമ്പത്ത് ഇല്ലാതായിക്കൊണ്ടിരിക്കയാണെന്നും സമിതി അഭിപ്രായപ്പെട്ടു.

106. ബണ്ടുകൾ കെട്ടുന്നതിനും കുടിവെള്ളം എടുക്കുന്നതിനും നടപടിയായിട്ടുണ്ടെന്നും കൊഗ്നിസിബിൾ ഒഫൻസാണെങ്കിൽ മാത്രമേ ക്രിമിനൽ കേസ് ചാർജ് ചെയ്യാൻ കഴിയുകയുള്ളുവെന്നും വ്യാവസായിക മലിനീകരണം ക്രിമിനൽ പ്രോസിക്യൂഷന് വിധേയമാക്കിയിരുന്നുവെങ്കിൽ ബന്ധപ്പെട്ടവരെ വിളിച്ച് ഒരു യോഗം നടത്താൻ കഴിയുമായിരുന്നുവെന്നും അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു. കുടിവെള്ള സ്രോതസ്സ് മലിനീകരിച്ചതിന്റെ പേരിൽ കേസ്സെടുത്താൽ മലിനീകരണ പ്രശ്നം ഒരു പരിധിവരെ പരിഹരിക്കാൻ സാധിക്കുമായിരുന്നുവെന്നും അദ്ദേഹം പ്രത്യാശിച്ചു.

107. മണൽവാരൽ തടയുന്നതിനായി റവന്യൂ വകുപ്പും പോലീസ് ഡിപ്പാർട്ട്മെന്റും ചേർന്നുള്ള ജോയിന്റ് ആക്ഷൻ ഫോഴ്സിന്റെ പ്രവർത്തനം സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിച്ചാൽ നന്നായിരിക്കുമെന്നു സമിതി അഭിപ്രായപ്പെട്ടു.

108. ഓരോ ജില്ലയിലും മണൽ വാരൽ തടയുന്നതിനായി റവന്യൂ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ തഹസീൽദാരും പോലീസ് ഉദ്യോഗസ്ഥരും ഉൾക്കൊള്ളുന്ന സ്ക്വാഡുകൾ രൂപീകരിക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ടെന്നും ഏതെങ്കിലും ജില്ലയിൽ പ്രശ്നമുള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ നടപടിയെടുക്കാൻ സാധിക്കുമെന്നും കേരളാ ആന്റി സോഷ്യൽ ആക്ടിവിറ്റീസ് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും അതിലെ 'ഗുണ്ട' എന്ന നിർവ്വചനത്തിൽ മണൽ വാരുന്ന ആളുകളും ഉൾപ്പെടുമെന്നും മണൽ വാരൽ കേസ്സ് അന്വേഷണത്തിൽ രണ്ടു പ്രാവശ്യമെങ്കിലും കുറ്റവാളി ആണെന്നുകണ്ടാൽ ആറു മാസംവരെ 'ഗുണ്ട' എന്ന ലേബലിൽ ഡീറ്റയിൻ ചെയ്യാൻ സാധിക്കുമെന്നുമറിയിച്ചു.

109. പെരിയാറിലെ അനധികൃത മണൽ വാരൽ തടയുന്നതിനായി ആലുവ റൂറൽ എസ്.പിയെയും റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി ഒരു പ്രത്യേക യോഗം വിളിച്ചു ചേർക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

110. സാധാരണ കുറ്റകൃത്യങ്ങളെക്കാൾ വളരെക്കാലത്തെ പ്രത്യാഘാതം ഉണ്ടാക്കാൻ കഴിവുള്ള പരിസ്ഥിതി പ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാനായി 'എൻവയോൺമെന്റൽ പോലീസിംഗ്' എന്ന സംവിധാനം രൂപീകരിക്കുവാൻ നടപടിയെടുക്കണമെന്ന് സമിതി നിർദ്ദേശിക്കുകയും ആയതിന് ടൂറിസം പൊലീസ്, കമ്മ്യൂണിറ്റി പോലീസ് എന്നിങ്ങനെ പോലീസിന് പരിശീലനം കൊടുത്ത് നിയോഗിക്കുന്നതുപോലെ ഈ മേഖലയിലും ചെയ്യാൻ കഴിയുന്നതിനെക്കുറിച്ച് വിശദമായി പരിശോധിക്കാമെന്ന് ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഉറപ്പു നൽകുകയും ചെയ്തു. ഡി.ഡി.സി കൂടി പോലീസുകാർക്ക് ഒരു ബോട്ട് വാങ്ങിക്കണമെന്ന നിർദ്ദേശത്തിന് മോഡേണൈസേഷൻ സ്കീമിൽ പോലീസിന് ബോട്ട് വാങ്ങിക്കുന്ന കാര്യം ഉൾക്കൊള്ളിച്ചിട്ടുണ്ടെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

111. പെരിയാറിൽ വ്യാപകമായി നടക്കുന്ന അനധികൃത മണൽ വാരൽ തടയുന്നതിനായി റവന്യൂ-പോലീസ് ഉദ്യോഗസ്ഥന്മാരടങ്ങുന്ന സ്ക്വാഡുകൾ രൂപീകരിക്കുവാൻ സർക്കാർ മുൻകൈയെടുക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

112. ആലുവാ റൂറൽ എസ്. പി.യെയും റവന്യൂ ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി പ്രത്യേക യോഗം വിളിച്ച് പെരിയാറിൽ നിന്നുള്ള മണൽ വാരൽ നിയന്ത്രിക്കുവാൻ സത്വര നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

113. വ്യവസായ മലിനീകരണം ക്രിമിനൽ പ്രോസിക്യൂഷന് വിധേയമാക്കണമെന്നും ജലമലിനീകരണം ഉൾപ്പെടെയുള്ള പാരിസ്ഥിതിക കുറ്റകൃത്യങ്ങൾ തടയുവാനായി "എൺവയോൺമെന്റൽ പോലീസിംഗ്" എന്ന വിഭാഗം പോലീസ് വകുപ്പിൽ രൂപീകരിക്കണമെന്നും പൊതുജനങ്ങൾക്ക് അതിന്റെ പ്രവർത്തനം സംബന്ധിച്ച് ബോധവൽക്കരണം നടത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

## പൊതുമരാമത്ത് വകുപ്പ്

114. പുഴമണലിന്റെ ഉപയോഗം, നിർമ്മാണ രംഗങ്ങളിൽ കുറയ്ക്കാനായി പി. ഡബ്ല്യൂ. ഡി. ഷെഡ്യൂളുകളിൽ മാനുഫാക്ചേർഡ് സാൻഡ് ഒരു ഐറ്റമായി കൊടുത്തിട്ടുണ്ടെന്നും മാനുഫാക്ചേഡ് സാൻഡി (എം.സാൻഡ്)ന്റെ പ്രൊഡക്ഷൻ യൂണിറ്റുകളുടെ എണ്ണം കൂട്ടേണ്ടതാവശ്യമാണെന്നും റോഡു നിർമ്മാണത്തിൽ പ്ലാസ്റ്റിക് കലർത്തിയ ടാർ ഉപയോഗിക്കുന്ന കാര്യത്തിൽ പഠനം നടത്തിവരികയാണെന്നും പൊതുമരാമത്ത് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. ഇപ്പോൾ ടാറിൽ മൂന്ന് ശതമാനത്തിൽത്താഴെ പ്ലാസ്റ്റിക് ഉപയോഗിക്കാനുള്ള സാങ്കേതികവിദ്യ മാത്രമേ ഇവിടെ നിലവിലുള്ളൂവെന്ന് അദ്ദേഹം വ്യക്തമാക്കി.

**ശുപാർശ**

115. ജനോറോം പദ്ധതിയിൽ ഉൾപ്പെടുത്തി ഏലൂർ പഞ്ചായത്ത് നിർദ്ദേശിച്ചിട്ടുള്ള റിംഗ് റോഡ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സേവ് പെരിയാർ കർമ്മ പദ്ധതിയുടെ ആശയ വിഭാവനത്തിൽ നിർദ്ദേശിച്ചിരുന്നു. പ്രസ്തുത റിംഗ് റോഡ് നിർമ്മാണം ഏറ്റെടുത്ത് അടിയന്തിരമായി പൂർത്തീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

116. പൊതുമരാമത്ത് റോഡുകളുടെ വശത്തുള്ള ഓടകളിലൂടെ ഒഴുകിവരുന്ന നഗരമാലിന്യവും മലിനജലവും പെരിയാറിൽ പതിക്കാതെ നിർമ്മാർജ്ജനം ചെയ്യുന്നതിന് ഫലപ്രദമായ സംവിധാനങ്ങൾ ഏർപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ജലവിഭവം (ജലസേചനം)

117. പെരിയാറിന്റെ തീരസംരക്ഷണത്തിനായുള്ള പല കാര്യങ്ങളും റവന്യൂ, വനം എന്നീ വകുപ്പുകളുടെ സഹകരണത്തോടെ ചെയ്യേണ്ടവയാണെന്ന് ജല വിഭവ സെക്രട്ടറി സമിതിയെ അറിയിച്ചു.

118. ഇപ്പോൾത്തന്നെ മിക്ക പഞ്ചായത്തുകളിലും പെരിയാർ നദിയിൽ നാലിൽ കൂടുതൽ കുളിക്കടവുകൾ പണിതിട്ടുണ്ടെന്നും കൂടുതൽ കുളിക്കടവുകൾ നിർമ്മിക്കാൻ ബഡ്ജറ്റിൽ പ്രൊപ്പോസൽ കൊടുത്തിട്ടുണ്ടെന്നും ജലവിഭവ വകുപ്പ് അറിയിക്കുകയുണ്ടായി. നദിക്കര കൂടുതൽ ഇടിഞ്ഞിട്ടുള്ള സ്ഥലങ്ങളിൽ റിവർ മാനേജ്മെന്റ് ഫണ്ടും ഇറിഗേഷൻ ഫണ്ടും ഉപയോഗിച്ച് ആവശ്യകതയ്ക്ക് വിധേയമായി

മുൻഗണനാ ക്രമത്തിൽ കരിങ്കൽ സംരക്ഷണ ഭിത്തി കെട്ടി ബലപ്പെടുത്തി വരികയാണെന്നും മറ്റ് സ്ഥലങ്ങളിൽ മുളയും കൈതയും പോലുള്ള മരങ്ങളും ചെടികളും വനം വകുപ്പിന്റെ സഹകരണത്തോടെ വച്ചു പിടിപ്പിക്കാൻ നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അധികൃതർ അറിയിച്ചിട്ടുണ്ട്.

119. നദിയിൽ നിന്നും വെള്ളമെടുക്കുന്ന കമ്പനികൾക്കും മറ്റ് ഇതര സ്ഥാപനങ്ങൾക്കും ഇപ്പോൾതന്നെ വാട്ടർ ബഡ്ജറ്റിന് വിധേയമായാണ് ജലം നൽകുന്നതെന്നും വാട്ടർ ബഡ്ജറ്റിംഗ് കൂടുതൽ കാര്യക്ഷമമാക്കുവാൻ വേണ്ട നിർദ്ദേശം ബന്ധപ്പെട്ട അധികാരികൾക്ക് നൽകിയിട്ടുണ്ടെന്നും ജലസേചന വകുപ്പറിയിച്ചു.

120. നദിയുടെ അടിത്തട്ടിന്റെ സ്വാഭാവിക മട്ടം നിർണ്ണയിക്കുന്നതിനും നിലനിർത്തുന്നതിനും അതിന് മുകളിൽ നിന്നുമാത്രം മണൽ വാരൽ അനുവദിക്കുന്ന കാര്യം റവന്യൂ വകുപ്പിനെ ബോദ്ധ്യപ്പെടുത്തുവാനും, നദിയുടെ തനതു വീതി നഷ്ടപ്പെട്ടിട്ടുള്ളയിടങ്ങളിൽ റവന്യൂ വകുപ്പുമായി സഹകരിച്ച് വീതി നിജപ്പെടുത്തി കരകൾ കെട്ടി സംരക്ഷിക്കുവാനും ബന്ധപ്പെട്ട അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് വകുപ്പ് സെക്രട്ടറി അറിയിക്കുകയുണ്ടായി.

121. പാതാളം ഭാഗത്തു സ്ഥിരബണ്ടും റഗുലേറ്ററും സ്ഥാപിക്കാൻ വേണ്ട ടെൻഡറുകൾ ക്ഷണിച്ചു കഴിഞ്ഞതായും കടമ്പ്രയാർ സംരക്ഷണത്തിന് 12-ാം ധനകാര്യ കമ്മീഷന്റെ പദ്ധതിപ്രകാരം ഐ.ഡബ്ല്യൂ.ടി.യിൽ ഉൾപ്പെടുത്തി ഏറ്റെടുക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നതായും അദ്ദേഹം അറിയിച്ചു

122. ഓരുവെള്ളം കയറുന്നത് തടയുന്നതിനായി റഗുലേറ്റർ-കം-ബണ്ടുകൾ സ്ഥാപിക്കുക എന്ന ആവശ്യത്തിന്മേൽ പെരിയാറിന്റെ കൈവഴിയിൽ മഞ്ഞുമ്മലിൽ സ്ഥിരം ബണ്ടു നിർമ്മിച്ചിട്ടുണ്ടെന്നും പാതാളത്ത് ബണ്ട് നിർമ്മാണത്തിനായി ടെൻഡറുകൾ സ്വീകരിക്കുകയും പുറപ്പള്ളിക്കടവിൽ സ്ഥിരം ബണ്ട് നിർമ്മിക്കുന്നതിനുള്ള പര്യവേഷണം നടന്നുവരികയുമാണെന്ന് വിവരം ലഭിച്ചിട്ടുണ്ടെന്ന് ജലവിഭവ വകുപ്പ് സെക്രട്ടറി തുടർന്നറിയിച്ചു.

123. പെരിയാറിന്റെ പ്രഭവസ്ഥാനത്ത് വെള്ളത്തിന്റെ ഒഴുക്ക് നിലനിറുത്തു ന്നതിനായി തടയണ നിർമ്മിക്കുകയെന്നത് നല്ല നിർദ്ദേശമാണെന്നും കാഞ്ഞൂർ, മലയാറ്റൂർ എന്നീ ഭാഗങ്ങളിൽ തടയണ നിർമ്മിക്കുവാനുള്ള പര്യവേഷണം നടന്നുവരുകയാണെന്നും ജലവിഭവ വകുപ്പ് അറിയിച്ചിട്ടുണ്ട്. നദിയിലെ സ്വാഭാവിക ഒഴുക്കു നിലനിർത്തുന്നതിനുള്ള ചെക്ക് ഡാമുകളും മറ്റ് സംവിധാനങ്ങളും കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളും വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്.

124. പെരിയാറുമായി ബന്ധപ്പെട്ട് ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് ചെയ്യേണ്ട പല കാര്യങ്ങളും റവന്യൂ വകുപ്പുമായി യോജിച്ച് ചെയ്യേണ്ടതാണെന്നും പെരിയാറിന്റെ തിട്ട ഇടിഞ്ഞിട്ടുള്ള സ്ഥലങ്ങളിൽ കരിങ്കൽ ഭിത്തി കെട്ടാൻ റവന്യൂ വകുപ്പിന്റെ അധികാരത്തി ലുള്ള റിവർ മാനേജ്മെന്റ് ഫണ്ടി (ആർ. എം. എഫ്) ലാണ് തുക കൂടുതലുള്ള തെന്നും പെരിയാറിന്റെ പരിസരമുൾപ്പെടെയുള്ള സ്ഥലങ്ങളിൽ സൈഡ് കെട്ടുന്നത് സംബന്ധിച്ച് ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് 9 കോടി രൂപയുടെ പ്രോജക്ടും എസ്റ്റിമേറ്റും തയ്യാറാക്കി പ്രോപ്പോസൽ കൊടുത്തിട്ട് ഒരു വർഷമായെന്നും റവന്യൂ വകുപ്പിൽ നിന്ന് ഫണ്ട് അനുവദിച്ചു വരേണ്ടതുണ്ടെന്നും ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് ചീഫ് എഞ്ചിനീയർ സമിതി യോഗത്തിൽ അറിയിച്ചു.

125. പെരിയാർ നദീതീരത്ത് ധാരാളം ബണ്ടുകൾ ഉണ്ടെന്നും പാതാളം, മഞ്ഞുമ്മൽ, പുറപ്പള്ളിക്കാവ് എന്നിവിടങ്ങളിലാണ് ഇപ്പോൾ ബണ്ട് കെട്ടാനുള്ള പ്രൊപ്പോസൽ ഉണ്ടായിരുന്നതെന്നും ഇതിൽ മഞ്ഞുമ്മലിൽ സ്ഥിരം ബണ്ട് നിർമ്മിച്ചു കഴിഞ്ഞുവെന്നും പാതാളത്ത് ബണ്ട് കെട്ടാനുള്ള ടെണ്ടർ ഫൈനലൈസ് ചെയ്തുവെന്നും പുറപ്പള്ളിക്കാവ് ബണ്ട് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ ഗവൺമെന്റിന് ഉടനെ നല്കുന്നതാണെന്നും ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു.

126. പെരിയാർ നദിയുടെ വീതി കുറയാനിടയാക്കിയ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി ജലവിഭവ വകുപ്പിന് എന്ത് ചെയ്യാൻ സാധിക്കുമെന്ന ചോദ്യത്തിന് അത് റവന്യൂ വകുപ്പുമായി യോജിച്ച് മാത്രമേ ചെയ്യാൻ പറ്റുകയുള്ളുവെന്ന് റിവർ മാനേജ്മെന്റ് ചീഫ് എഞ്ചിനീയർ അറിയിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

127. പെരിയാർ തീരം സംരക്ഷിക്കുന്നതിന്റെ ഭാഗമായി കരിങ്കൽ ഭിത്തി കെട്ടേണ്ട ഭാഗത്ത് അത് കെട്ടണമെന്നും ബാക്കി ഭാഗങ്ങളിൽ മുള, കൈത, കണ്ടൽക്കാടുകൾ എന്നിവ റവന്യൂ, വനം, വന്യജീവി, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെ സഹകരണത്തോടെ വച്ചു പിടിപ്പിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

128. പെരിയാറിലെ സ്വാഭാവിക ഒഴുക്കും ജലനിരപ്പും നിലനിർത്തുന്നതിനായി പ്രഭവസ്ഥാനത്ത് തടയണയും ആവശ്യമുള്ളയിടങ്ങളിൽ ചെക്ക് ഡാമുകളും നിർമ്മിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

129. അങ്ങേയറ്റം മലിനീകൃതമായിരിക്കുന്ന കുഴിക്കണ്ടം തോട് മാലിന്യ വിമുക്തമാക്കി പുനരുജ്ജീവിപ്പിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ജലവിഭവം (വാട്ടർ അതോറിറ്റി)

130. മുപ്പത്തടം, ആലുവാ ട്രീറ്റ്മെന്റ് പ്ലാന്റുകളിലുള്ള ജലശുദ്ധീകരണ സംവിധാനങ്ങളും ഗുണനിലവാര പരിശോധനാ സംവിധാനങ്ങളും മെച്ചപ്പെടുത്തണമെന്ന ആവശ്യത്തിന്മേൽ ആലുവാ ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്നും എല്ലാവിധ ഗുണനിലവാരങ്ങളും ഉറപ്പുവരുത്തിയാണ് കുടിവെള്ളം വിതരണം ചെയ്യുന്നതെന്നും ഇതിനായി ആലുവായിലെ ഗുണനിലവാര പരിശോധനാകേന്ദ്രം, സമയാസമയങ്ങളിൽ WHO അനുശാസിക്കുന്ന ഗുണനിലവാരം ഉണ്ടെന്നുറപ്പുവരുത്തിയതിനുശേഷമാണ് കുടിവെള്ളം വിതരണം ചെയ്യുന്നതെന്നും വിതരണശൃംഖലയിലെ ജലത്തിൽ ക്ലോറിന്റെ അംശം ആവശ്യമായ തോതിൽ ഉണ്ടെന്ന് ഉറപ്പു വരുത്താറുണ്ടെന്നും വാട്ടർ അതോറിറ്റി അധികൃതർ അറിയിച്ചു.

131. പെരിയാർ നദീതീരത്തുള്ള പട്ടണങ്ങളിലും നഗരങ്ങളിലും സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തുകളിലും സീവറേജും സീവേജ് സംസ്ക്കരണ സംവിധാനവും ഏർപ്പെടുത്തണമെന്ന സേവ് പെരിയാർ ആശയ വിഭാവനത്തിലെ നിർദ്ദേശത്തിന് JNNURM പദ്ധതിയിൽ ഉൾപ്പെടുത്തി, കൊച്ചി നഗരത്തിലേയ്ക്കു വേണ്ടി സീവേജ് സംസ്ക്കരണ പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നതായും ഇത് കേന്ദ്ര ഗവൺമെന്റിന്റെ അനുമതിക്കായി സമർപ്പിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നതായും അധികൃതർ അറിയിച്ചു.

132. കല്ലാർകുട്ടി ഡാം ഡീ-സിൽട്ടേഷനുമായി ബന്ധപ്പെട്ട് നൽകിയെന്നു പറയുന്ന ധനസഹായത്തിൽ ഒരു പൈസപോലും വാട്ടർ അതോറിറ്റിയ്ക്കു കിട്ടിയില്ലെന്നും കളക്ടർ മുഖേനയുള്ള ധനസഹായമെന്ന രീതിയിൽ ഒരു സ്കീമിന്റെ നവീകരണത്തിനായി 48000 രൂപ കളർകാട് പഞ്ചായത്തിനു ലഭിച്ചതു മാത്രമേയുള്ളൂവെന്നും വാട്ടർ അതോറിറ്റി ചീഫ് എഞ്ചിനീയർ അറിയിച്ചു. ഡാമുകൾ ഡീ-സിൽറ്റ് ചെയ്യുമ്പോൾ ഇപ്പോൾ തന്നെ 100-ന് മുകളിൽ നിൽക്കുന്ന ടർബിഡിറ്റി കൂടുകയും പെട്ടെന്ന് വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള ട്രീറ്റ്മെന്റ് പ്ലാന്റുകൾ അടച്ചു പൂട്ടേണ്ടിവരുകയും ചെയ്യും. അന്ന് പ്രശ്നമുണ്ടായപ്പോഴും പല പ്ലാന്റുകളും ദിവസങ്ങളോളം അടച്ചിട്ടു. ലോറിയിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനു മാത്രമാണ് ധന സഹായം ലഭിച്ചത്. കഴിഞ്ഞ വർഷം വരെ റൂറൽ വാട്ടർ സപ്ലൈ ഇംപ്രൂവ്മെന്റ്സ് എന്ന ഹെഡ്ഡിൽ ഗവൺമെന്റിൽ നിന്നും ഓരോ ഡിവിഷനിലും 5 ലക്ഷം രൂപ കിട്ടിയിരുന്നു. ആ തുക ഉപയോഗിച്ച് അത്യാവശ്യമുള്ള പൈപ്പൊക്കെ, മാറ്റാറുണ്ടായിരുന്നു. ഈ വർഷം ആ ഹെഡ്ഡിലും ഒരു പൈസപോലും കിട്ടിയിട്ടില്ലെന്നും, പതിനായിരം രൂപയാണ് ഓരോ ഡിവിഷനിലും അലോട്ട്മെന്റ് ഉള്ളതെന്നും ചീഫ് എഞ്ചിനീയർ അറിയിച്ചു.

133. കുടിവെള്ളം പമ്പ് ചെയ്യുമ്പോഴുള്ള പ്രശ്നങ്ങൾ ആരാഞ്ഞപ്പോൾ ഫിൽറ്റർബെഡ് വൃത്തിയാക്കുന്നതിനായി 30 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരുന്നതെന്നും പഴയ ജി. ഐ. പൈപ്പുകൾ മാറ്റിയിടുവാനായി 35 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും അതിനുശേഷം ഷെഡ്യൂൾ റിവിഷൻ വന്നതുകൊണ്ട് റിവൈസ് ചെയ്തു കൊണ്ടിരിക്കുകയാണെന്നും ചീഫ് എഞ്ചിനീയർ അറിയിച്ചു. സ്വീവറേജ് ലൈനിൽ നിന്നുള്ള മലിനജലം കുടിവെള്ള പൈപ്പിൽ കയറുന്നതു തടയാൻ ലൈൻ മാറ്റമുൾപ്പെടെയുള്ള നടപടികൾ അടിയന്തിരമായി കൈക്കൊള്ളണമെന്ന് സമിതി നിർദ്ദേശിച്ചു.

**ശുപാർശകൾ**

134. ആലുവായിലും പരിസരപ്രദേശങ്ങളിലും ശുദ്ധജല വിതരണത്തിനായി നിലവിലുള്ള പഴയ പൈപ്പ് ലൈനുകൾ മാറ്റി പുതിയത് സ്ഥാപിക്കുന്നതിനും കുടിവെള്ള വിതരണം കാര്യക്ഷമമാക്കുന്നതിനും വാട്ടർ അതോറിറ്റി നടപടിയെടുക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

135. ഏലൂർ പഞ്ചായത്തിലെ ചില വാർഡുകളിൽ വ്യവസായശാലകളുടെ സഹകരണത്തോടെ കുടിവെള്ളം എത്തിക്കുന്നതിലേയ്ക്കായി 113.75 ലക്ഷം രൂപ വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ടെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് സമിതിയെ അറിയിച്ചിരുന്നു. എത്രയുംപെട്ടെന്ന് മേൽപ്പറഞ്ഞ നടപടി പൂർത്തിയാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

136. സ്വീവറേജ് ലൈനും കുടിവെള്ള പൈപ്പുകളും അടുത്തടുത്ത് സ്ഥിതിചെയ്യുന്നതിനാലും കുടിവെള്ള പൈപ്പുലൈൻ പഴക്കമേറിയതിനാലും സ്വീവറേജ് ലൈനിൽ നിന്നുള്ള മലിനജലം കുടിവെള്ളം ഒഴുകുന്ന പൈപ്പ് ലൈനിൽ കൂടിക്കലരാനുള്ള സാദ്ധ്യത വളരെ കൂടുതലാണെന്ന് സമിതി മനസ്സിലാക്കുന്നു. ജല വിതരണ പൈപ്പുകളിൽ മലിനജലം കയറുന്നത് ഒഴിവാക്കുന്നതിനായി നൂതന സാങ്കേതിക മാർഗ്ഗങ്ങൾ അവലംബിക്കണമെന്ന് സമിതി ശക്തമായി ശുപാർശ ചെയ്യുന്നു.

137. മെർക്കം, എച്ച്.ഐ.എൽ, ഐ.ആർ.ഇ, എഫ്.എ.സി.റ്റി തുടങ്ങിയ വ്യവസായസ്ഥാപനങ്ങളുടെ പ്രവർത്തനഫലമായി അനേകം കുടുംബങ്ങളുടെ കുടിവെള്ള സ്രോതസ്സുകൾ മലിനമായിട്ടുണ്ട്. ആയതിനാൽ ഈ കുടുംബങ്ങൾക്ക് പ്രതിദിനം ഗാർഹികാവശ്യങ്ങൾക്കായി കുടിവെള്ളം ഈ കമ്പനികളുടെ ചിലവിൽ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശചെയ്യുന്നു.

## ഊർജ്ജവകുപ്പ് (കെ.എസ്.ഇ.ബി)

138. വേനൽക്കാലത്ത് പെരിയാറിലേക്ക് ഓരുവെള്ളം കയറുന്നത് തടയാനായി പെരിയാറിൽ 26 ഘനമീറ്ററെങ്കിലും സ്ഥിരമായ നീരൊഴുക്ക് ഉറപ്പാക്കണമെന്ന സേവ് പെരിയാർ ആശയ വിഭാവനത്തിലെ നിർദ്ദേശത്തിന് ഇത് ഇപ്പോൾത്തന്നെ പൂർണ്ണമായും പാലിക്കപ്പെടുന്നുവെന്നും ഇടമലയാർ പവ്വർ ഹൗസിലെ യന്ത്രങ്ങളിൽ ഒരെണ്ണം പ്രവർത്തിച്ചാൽതന്നെ മേല്പറഞ്ഞ അളവിലുള്ള ജലം പെരിയാറിൽ എത്തിക്കുവാൻ സാധിക്കുന്നതാണെന്നും ഇതിനുപരിയായി, കല്ലാർകുട്ടി ഡാമിൽനിന്നും നേര്യമംഗലം പവർഹൗസിലൂടെ സെക്കൻഡിൽ 9 ഘനമീറ്റർ ജലം പെരിയാറിലേക്ക് ഒഴുകാറുണ്ടെന്നും ഊർജ്ജവകുപ്പിൽ നിന്ന് അറിയിക്കുകയുണ്ടായി.

139. പെരിയാറിന്റെ കീഴ്ഭാഗത്തെ ഒഴുക്കു വർദ്ധിപ്പിക്കുന്നതിനായി മൂലമറ്റം പവർഹൗസിൽ വൈദ്യുതിയുല്പാദന ശേഷം പുറന്തള്ളുന്ന ജലം മൂവാറ്റുപുഴ പട്ടണത്തിലെത്തുന്നതിനു മുൻപ് യോജിച്ച സ്ഥലത്ത് ബണ്ട് നിർമ്മിച്ച് കനാൽ വഴിയും ടണൽ വഴിയും കൊണ്ടുവന്ന് ഭൂതത്താൻകെട്ട് ഡാമിനും കാലടി പാലത്തിനുമിടയിലെത്തിച്ചാൽ പെരിയാറിന്റെ താഴെയറ്റത്ത് കൂടുതൽ ഒഴുക്കും ജല സമൃദ്ധിയും ഉണ്ടാകും. വിശദമായ ഫീൽഡ് സർവ്വേയും പഠനവും നടത്തിയശേഷം മാത്രമേ ഇതിന്റെ പ്രായോഗികതയെപ്പറ്റി വിലയിരുത്താൻ സാധിക്കുകയുള്ളൂവെന്നും മൂലമറ്റം പവർ സ്റ്റേഷനിൽനിന്നും പുറന്തള്ളുന്ന ജലം നേര്യമംഗലത്തിനും ലോവർ പെരിയാർ പവർഹൗസ് സ്ഥിതി ചെയ്യുന്ന കരിമണലിനുമിടയിൽ തിരിച്ചുകൊണ്ടുവന്ന് പെരിയാറിൽ വീഴ്ത്തി വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനായി രൂപം കൊണ്ട 'ഗ്രേറ്റർ ഇടുക്കി' എന്ന പദ്ധതി പുനഃരുജ്ജീവിപ്പിക്കുന്നതു സംബന്ധിച്ച നിർദ്ദേശത്തിന് ടി പദ്ധതി സംബന്ധിച്ച് സാധ്യതാ പഠനം നടത്തുന്ന കാര്യം ബോർഡ് പരിഗണിക്കുന്നതാണെന്ന മറുപടിയാണ് ലഭിച്ചത്.

140. ഇക്കഴിഞ്ഞ ശിവരാത്രി ഉത്സവത്തിനുമുമ്പായി പെരിയാറിൽ എക്കൽ വന്ന് വെള്ളം കലങ്ങി ഒഴുകിയ പ്രശ്നത്തെക്കുറിച്ചാണ് ഊർജ്ജ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ആദ്യം വിശദീകരിച്ചത്. ഇടമലയാർ ഡാം ഹൗസിൽ നിന്നുള്ള വെള്ളം തുറന്നുവിട്ടപ്പോഴും ഒരു പെൻസ്റ്റോക്ക് പൈപ്പ് മാറ്റി സ്ഥാപിക്കുന്നതിന്റെ ഭാഗമായിട്ട് കല്ലാർകുട്ടി ഡാം തുറന്നുവിട്ടപ്പോഴുമാണ് കലക്കൽ വന്നത്. ഇപ്പോൾ വിവിധ റിസർവ്വോയറുകളിൽ നിന്നുള്ള വാട്ടർ ഫ്ളോ ക്രമീകരിച്ചതുകൊണ്ട് കലക്കൽ വരുന്നില്ലെന്നും അദ്ദേഹം അറിയിച്ചു.

141. ഡാമുകളിൽ വന്നടിയുന്ന മണൽ അപകട രഹിതമായി നീക്കം ചെയ്യുന്നതിനായി മറ്റെന്തെങ്കിലും മാർഗ്ഗത്തെക്കുറിച്ച് ചിന്തിക്കുന്നുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് ഡീ-സിൽട്ടേഷൻ നടത്തുന്നതിന് ദീർഘകാലാടിസ്ഥാനത്തിലുള്ള ഒരു പദ്ധതിയുടെ സാധ്യതാപഠനം നടത്തിക്കൊണ്ടിരിക്കുകയാണെന്ന് ഊർജ്ജ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. ഡാമുകൾ അപകട രഹിതമായി ഡീ-സിൽറ്റ്

ചെയ്യുന്നതിനെ സംബന്ധിച്ച് കേരളാ എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഒരു പഠന മാരംഭിച്ചിട്ടുണ്ടെന്നും അങ്ങനെ ഡീ-സിൽറ്റ് ചെയ്തു കഴിഞ്ഞാൽ, ഡീ-സിൽറ്റ് ചെയ്യുന്ന ചെളി, മണൽ തുടങ്ങിയവ പെരിയാറിലേയ്ക്ക് ഒഴുക്കി വിടാതെ അവിടെ വച്ചുതന്നെ മാറ്റി നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ സാധിക്കുന്നതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

142. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സ് (കാറ്റ്, സൗരോർജ്ജം) ഉപയോഗിച്ചുള്ള വൈദ്യുതി കേന്ദ്രങ്ങൾ നിർമ്മിച്ചുകൂടേയെന്ന സമിതിയുടെ ചോദ്യത്തിന് പതിനൊന്നാം പദ്ധതിയിൽ പാരമ്പര്യേതര ഊർജ്ജ പദ്ധതിക്കുതന്നെയാണ് ഊന്നൽ കൊടുത്തിരിക്കുന്ന തെന്നും അടുത്ത മൂന്ന് കൊല്ലത്തിനുള്ളിൽ കാറ്റിന്റെ ശക്തി ഉപയോഗിച്ചുകൊണ്ട് കമ്മീഷൻ ചെയ്യാൻ സാധിക്കുന്ന പദ്ധതിയാണ് ഉദ്ദേശിക്കുന്നതെന്നും സൗരോർജ്ജ പദ്ധതികൾക്ക് ആദ്യമുതൽമുടക്ക് വളരെ കൂടുതലാണെന്നും സെക്രട്ടറി അറിയിച്ചു. ഈയിടെ ഉദ്ഘാടനം ചെയ്യപ്പെട്ട ഊർജ്ജമിഷൻ എന്ന പദ്ധതി ഇപ്രകാരമുള്ള ഊർജ്ജസ്രോതസ്സുകൾ എത്രകണ്ട് ഉപയോഗപ്പെടുത്താൻ കഴിയുമെന്നതിനെക്കുറിച്ച് പഠിക്കാനും പ്രയോജനപ്പെടുത്താനും ഉദ്ദേശിച്ചുകൊണ്ടുള്ളതാണെന്ന് സെക്രട്ടറി സമിതിയിൽ ബോധിപ്പിച്ചു.

**ശുപാർശകൾ**

143. യാതൊരു മുന്നറിയിപ്പുമില്ലാതെ അണക്കെട്ടിലെ ചെളിയും എക്കലും തുറന്നുവിട്ടാലുണ്ടാകുന്ന പ്രത്യാഘാതങ്ങളും ബുദ്ധിമുട്ടുകളും എത്രമാത്രം ഗുരുതരമാണെന്നാണ് കഴിഞ്ഞ ശിവരാത്രി തീർത്ഥാടനകാലത്ത് ആലുവ പ്രദേശത്ത് പെരിയാർ നദീജലത്തിലുണ്ടായ നിറവ്യത്യാസം വെളിപ്പെടുത്തുന്നത്. അന്ന് ബലികർമ്മങ്ങൾ നടത്തുവാൻ പോലും തീർത്ഥാടകർക്ക് നന്നേ വിഷമിക്കേണ്ടതായി വരുകയുണ്ടായി. അതുപോലെ, വാട്ടർ അതോറിറ്റിയുടെ ജലശുദ്ധീകരണ വിതരണ യന്ത്ര സാമഗ്രികൾക്ക് വളരെയധികം തകരാറുകളും സംഭവിക്കുകയുണ്ടായി. ഇതിന് പിന്നീട് നഷ്ടപരിഹാരം നല്കി എന്നു പറയുന്നത് ഉചിതമായ പരിഹാരമല്ല. ബന്ധപ്പെട്ടവരുടെ അശ്രദ്ധമൂലം കുടിവെള്ളം മുട്ടുകയും തീർത്ഥാടകർക്കും മറ്റു ജനങ്ങൾക്കും കഷ്ടപ്പാടുണ്ടാകുകയും ചെയ്തതിനാൽ വൻപ്രതിഷേധം പൊതുജനങ്ങളുടെ ഭാഗത്തുനിന്നുമുണ്ടായി. ഇങ്ങനെയൊരു സ്ഥിതിവിശേഷം ഇനി ഒരു കാലത്തും ഉണ്ടാകാതിരിക്കാൻ കെ.എസ്.ഇ.ബി ശ്രദ്ധിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

144. ഡാം ഡീ-സിൽറ്റേഷൻ സംബന്ധിച്ച് നൂതന രീതികളും കണ്ടുപിടിത്തങ്ങളും വിദേശ രാജ്യങ്ങളിലും തമിഴ്നാട് ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിലും നടപ്പിലാക്കിയിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. നമ്മുടെ സംസ്ഥാനത്ത് കേരളാ എൻജിനീയറിംങ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഡാം ഡീ-സിൽറ്റേഷൻ സംബന്ധിച്ച പഠനങ്ങൾ നടത്തിയതായിട്ടാണ് അറിയുന്നത്. കേരളാ ഇൻജിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയിട്ടുള്ള പഠനത്തേയും വിദേശങ്ങളിലും ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലും നിലവിലുള്ള ഡാം ഡീ-സിൽറ്റേഷൻ സംബന്ധിച്ച നൂതന പദ്ധതികളേയും പറ്റി കെ.എസ്.ഇ.ബി.യിലെ വിദഗ്ധന്മാർ വിശദമായി പഠിക്കണമെന്നും ഡാമുകൾ അപകടരഹിതമായി ഡീ-സിൽറ്റേഷൻ നടത്തുന്നതിന് ദീർഘകാലാടിസ്ഥാനത്തിലുള്ള ഒരു പദ്ധതിയ്ക്ക് രൂപം നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

145. ഡാം ഡീ-സിൽറ്റ് ചെയ്തു കിട്ടുന്ന മണ്ണ് പെരിയാറിലേക്ക് ഒഴുക്കി വിടാതെ നിർമ്മാണ പ്രവർത്തനങ്ങളുൾപ്പെടെയുള്ള ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനുള്ള സാധ്യതാപഠനം നടത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

146. വൈദ്യുതി ഉപഭോഗം കൂടുമെന്നതിനാൽ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ സ്ഥാപിച്ചിട്ടുള്ള വ്യവസായശാലകൾ അവ പലപ്പോഴും പ്രവർത്തിപ്പിക്കാറില്ല. ഇക്കാരണത്താൽ പരിസരപ്രദേശത്തെ വായുവും ജലസ്രോതസ്സും ഗുരുതരമായി മലിനീകരിക്കപ്പെടുന്നു. ഇതിനാലുണ്ടാകാവുന്ന ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ തടയുന്നതിലേക്കായി മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് പ്രത്യേകം എനർജി മീറ്റർ സ്ഥാപിക്കുകയും ആയതിനുള്ള വൈദ്യുതി കുറഞ്ഞ നിരക്കിൽ നല്കാൻ തയ്യാറാകുകയും ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

രാജാജി മാത്യു തോമസ്,

ചെയർമാൻ,

പരിസ്ഥിതി സമിതി.

തിരുവനന്തപുരം,

24-7-2007.